2020
ആഗസ്റ്റ്
വാല്യം 13 | ലക്കം 8
Annual Subscription ₹ 60.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



## 9-ാം ചരമ വാർഷികം (ആഗസ്റ്റ് 07)



**ആർച്ച് ബിഷപ്പ് കോർണേലിയൂസ് ഇലഞ്ഞിക്കൽ**

## ആദരാഞ്ജലികൾ



2-7-2020 ൽ നിര്യാതയായ
FIH കോൺഗ്രിഗേഷൻ
ഡൽഹി പ്രൊവിൻഷ്യൽ സുപ്പീരിയർ
**റവ. സി. അജയ മേരി FIH**

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**2020 AUGUST** Registered Newspaper, Reg.No. KERMAL/2008/24745 **Vol.13 • No.8**



THE ROMAN CATHOLIC DIOCESE OF VIJAYAPURAM · AD CHRISTI NOMEN · 1930

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4 എഡിറ്റോറിയൽ

6 രൂപതാകാര്യാലയത്തിൽ നിന്ന്

9 മിഷൻ ഞായർ സംഭാവന

10 സർക്കുലർ

12 കൊവിഡ് – 19 (കെ.സി.ബി.സി.സർക്കുലർ)

17 അക്ഷയഗാത്രയായ അമ്മ

21 യഥാർത്ഥ സ്വാതന്ത്ര്യം

23 മതബോധനരംഗം

27 വി.എസ്.എസ്.എസ്. വാർത്തകൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

## Editorial



# ക്രിസ്തുവിലൂടെ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് കടന്നുവരാം

"സ്വാതന്ത്ര്യത്തിലേക്ക് ക്രിസ്തു നമ്മെ മോചിപ്പിച്ചു. അതുകൊണ്ട് നിങ്ങൾ സ്ഥിരതയോടെ നില്ക്കുവിൻ. അടിമത്തത്തിന്റെ നുകത്തിന് ഇനിയും നിങ്ങൾ വിധേയരാകരുത്" (ഗലാ 5:1)

ക്രൈസ്തവർ എന്ന നിലയിലും ഭാരതീയർ എന്ന നിലയിലും നമുക്ക് വളരെ വിശേഷപ്പെട്ട ദിവസമാണ് ആഗസ്റ്റ് 15. ക്രൈസ്തവർ എന്ന നിലയിൽ നാം നമ്മുടെ സ്വർഗ്ഗീയ അമ്മയുടെ – പരിശുദ്ധ കന്യാമറിയത്തിന്റെ– സ്വർഗ്ഗാരോപണ തിരുനാൾ കൊണ്ടാടുന്നു. ഈ ലോക ജീവിതത്തിലെ അടിമത്തങ്ങളിൽ നിന്നും സ്വർഗ്ഗത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് മറിയം കടന്നുപോയതിന്റെ ആഘോഷമാണത്. ഭാരതീയരെന്ന നിലയിൽ, ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് രാഷ്ട്രീയ സ്വാതന്ത്ര്യം കൈവരിച്ചതിന്റെ ആഘോഷമാണ് നമ്മുടെ സ്വാതന്ത്ര്യദിനം. ആ സ്വാതന്ത്ര്യം നേടിയെടുക്കാൻ ജീവത്യാഗം ചെയ്തവരെയും സ്വാതന്ത്ര്യസമര സേനാനികളെയും കൃതജ്ഞതാപൂർവ്വം ഓർമ്മിക്കാനും അവർ സ്വപ്നം കണ്ട പൂർണ്ണമായ സ്വാതന്ത്ര്യത്തിനുവേണ്ടി പരിശ്രമിക്കാനും നാം ആഹ്വാനം ചെയ്യപ്പെടുന്നു, സ്വാതന്ത്ര്യദിനാഘോഷത്തിലൂടെ.

എന്നത്തെയുംപോലെ ഈ വർഷം ദൈവാലയങ്ങളിൽ ഒരുമിച്ചുകൂടി തിരുനാൾ ആഘോഷിക്കാനോ പദയാത്രകളും മീറ്റിംഗുകളും നടത്തി സ്വാതന്ത്ര്യദിനം കൊണ്ടാടാനോ നമുക്കു സാധിക്കുകയില്ല. കോവിഡ്-19 വരുത്തിയ 'അടിമത്ത'ങ്ങളിലൂടെ നാം പൂട്ടപ്പെട്ടിരിക്കുന്നതുപോലെയാണ് (we are locked down) അതിന്റെ ചങ്ങല പൊട്ടിക്കുക (Break the chain) എന്നതാണ് നമുക്കു ലഭിക്കുന്ന ആഹ്വാനം. ആ പകർച്ച വ്യാധിയുടെ വ്യാപനം തടയാനും അതിന്റെ പിടിയിൽ നിന്ന് രക്ഷപെടാനും വേണ്ടിയുള്ള പരിശ്രമങ്ങൾ നമ്മെ പലതരത്തിലുള്ള അടിമത്തത്തിലാക്കിയിരിക്കുന്നു. നമുക്ക് പരസ്പരം അടുത്ത് ബന്ധപ്പെടാനാവുന്നില്ല. പരസ്പരം ആതിഥ്യമര്യാദകാട്ടാനോ ഒരുമിച്ചു കൂടാനോ സാധിക്കുന്നില്ല. ഒരുമിച്ചുകൂടി പ്രാർഥിക്കാനോ, പഠിക്കാനോ ഉല്ലസിക്കാനോ ആഘോഷിക്കാനോ ആവുന്നില്ല. ജോലിക്കു പോകാനോ സ്വതന്ത്ര്യമായി യാത്ര ചെയ്യാനോ സാധിക്കുന്നില്ല. രോഗത്തിനും, മരണത്തിനുപോലും നാം അടിമയാക്കപ്പെട്ടിരിക്കുന്നു. എങ്കിലും ഈ അവസരത്തിൽ നാമറിയാതെ തന്നെ പല അടിമത്തങ്ങളിൽ നിന്നും നാം മോചനം പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അനാവശ്യ ചെലവുകളിൽ നിന്നും, ആർഭാടങ്ങളിൽ നിന്നും അനാവശ്യകൂട്ടുകെട്ടുകളിൽ നിന്നും നമുക്കു മോചനം വരുന്നു. മറ്റുള്ളവരുടെ വിഷമതകൾ മനസ്സിലാക്കാനും കുടുംബങ്ങളിൽ ഒരുമിച്ചായിരി

ക്കാനും പരസ്പരം ആത്മാർത്ഥമായി കരുതലുള്ളവരാകാനും അവരെപ്പറ്റി ആത്മാർത്ഥമായി ചിന്തിക്കാനും, മനസിലാക്കാനും പ്രാർഥിക്കാനും നമുക്കു സാധിക്കുന്നു. ഈ ലോക സ്വത്തുക്കളിലും വ്യാപാരങ്ങളിലും കുടുങ്ങിപ്പോകാതെ ദൈവത്തെ വിളിക്കാനും നിത്യതയെപ്പറ്റി ചിന്തിക്കാനും നാം പ്രചോദിപ്പിക്കപ്പെടുന്നു. സ്വകാര്യ ജീവിതത്തിലും ജീവിത രീതികളിലും നന്നായി ശ്രദ്ധിക്കാനും ക്രമീകരണങ്ങൾ വരുത്താനും നാം തയ്യാറാകുന്നു. പ്രകൃതിയെ സ്നേഹിക്കാനും എങ്ങും ശുദ്ധീകരണം നടത്താനും അവസരം ലഭിക്കുന്നു. വെറും അനുഷ്ഠാനങ്ങളിലൂടെയെന്നതിനേക്കാൾ ഹൃദയം തുറന്ന് സ്നേഹിക്കാനും കുടുംബങ്ങളിൽ തീവ്രമായി പ്രാർഥിക്കാനും ശ്രദ്ധയോടെ പഠിക്കാനും ഊർജസ്വലതയോടും ആത്മാർത്ഥതയോടും കൂടെ പ്രവർത്തിക്കാനും നമുക്കു സാധിക്കുന്നു. ഇതുവരെ നമ്മിൽ ഉറങ്ങിക്കിടന്നിരുന്ന കഴിവുകളും ശേഷികളും നന്മകളും കണ്ടറിഞ്ഞ് ഉണർത്താനും ജീവിതത്തെയും പ്രവർത്തനങ്ങളെയും കൂടുതൽ ക്രിയാത്മകമാക്കാനും സാദ്ധ്യതകൾ തിരിച്ചറിഞ്ഞ് ഉപയോഗപ്പെടുത്താനുമെല്ലാം ഈ വലിയ അവധിക്കാലം വഴിയൊരുക്കി.

പകർച്ചവ്യാധിയോടുബന്ധപ്പെട്ട അടിമത്തങ്ങൾ കൂടാതെ മറ്റുപല അടിമത്തങ്ങളും വ്യക്തികളെന്ന നിലയിലും, കുടുംബം എന്ന നിലയിലും സമൂഹം എന്ന നിലയിലും സമുദായം എന്ന നിലയിലും രാജ്യം എന്ന നിലയിലും  നാം അനുഭവിക്കുന്നുണ്ട്.

സ്വാതന്ത്ര്യദിനം വെറുതെ കൊണ്ടാടിയാൽ പോരാ, കൂടുതൽ സ്വതന്ത്രരാകാനും  നാം ശ്രദ്ധിക്കണം. ശാരീരികമായും, വൈകാരികമായും മാനസികമായും സാമൂഹികമായും സാമ്പത്തികമായും, രാഷ്ട്രീയപരമായും, പ്രാപഞ്ചികമായും ആത്മീയവുമായെല്ലാം നാം അനുഭവിക്കുന്ന അടിമത്തങ്ങളെ തിരിച്ചറിഞ്ഞ് അതിജീവിക്കാനും സ്നേഹവും കാരുണ്യവും സത്യവും നീതിയും, സമാധാനവും സന്തോഷവും സംതൃപ്തിയും സമൃദ്ധിയും നിറഞ്ഞ ജീവിതം നയിക്കാനും നമുക്കു സാധിക്കണം. അവിടെ നമുക്ക് പ്രചോദനവും മദ്ധ്യസ്ഥയുമായി നിലകൊള്ളുന്നു സ്വർഗ്ഗരോപിതയായ നമ്മുടെ സ്വർഗ്ഗീയ അമ്മ.

ബൈബിളിൽ നിറഞ്ഞു നില്ക്കുന്ന വിമോചനാനുഭവങ്ങളുടെയും (പുറപ്പാടനുഭവം, പ്രവാസാനുഭവം, പെസാഹാനുഭവം) സ്വതന്ത്ര്യത്തിന്റെയും പ്രതീകമാണവൾ. ക്രിസ്തുസാധിച്ച രക്ഷയുടെ- സമ്പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ- ആദ്യത്തെ ഗുണഭോക്താവും, പ്രവർത്തകയുമാണവൾ. പരിശുദ്ധാത്മാവിലൂടെ പകരപ്പെടുന്ന സമ്പൂർണ്ണ വിമോചനത്തിന്റെ തെളിവാണവൾ.

ആ അമ്മയുടെ മദ്ധ്യസ്ഥതയാൽ സാത്താന്റെയും തിന്മയുടെയും ജഢികതയുടെയും പാപത്തിന്റെയും മേൽ വിജയം വരിച്ച് ഹൃദയം തുറന്ന് സ്നേഹിച്ചും സമർപ്പിച്ചും ജീവിതം അതിന്റെ തികവിൽ ജീവിക്കാൻ ദൈവം നമ്മെ നയിക്കട്ടെ.

തിരുനാളിന്റെയും പെരുന്നാളിന്റെയും മംഗളങ്ങളും അനുഗ്രഹങ്ങളും ഏവർക്കും ഹൃദയപൂർവ്വം നേരുന്നു.

*പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുന്നാളിന്റെയും ഭാരതാംബയുടെ 74-ാം സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ*

*- പത്രാധിപ സമിതി*

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS AND TRANSFERS AND RETIREMENTS

Rev. Fr. **Tomy Chirackalpuraidathil, MSFS**, is appointed as the Parish Priest of St. Joseph's Church, Yendayar.

Rev. Fr. **George Chakkumkal** is transferred from Holy Family Chapel, Kottayam and is appointed as the Parish Priest of St. Theresa of Calcutta Church, Thodupuzha.

Rev. Fr. **Sebastian Olikkara** is transferred from St. Theresa of Calcutta Church, Thodupuzha and is appointed as the Parish Priest of St. Theresa's Church, Pakkil.

Rev. Fr. **Job Kuzhivayalil** has retired from his active Pastoral Ministry and is residing at St. Pius X Priests' Home, Vimalagiri.

Rev. Fr. **Sebastian Kanichikunnath, OSJ** is appointed as the Assistant Parish Priest of Sacred Heart Church, Pambanar.

Rev. Fr. **Mathew Sojan Kallel** is transferred from Sacred Heart Church, Pambanar and, is appointed as the Parish Priest in Charge of St. Antony's Church, Thalayar.

Rev. Fr. **Linoose Bivera Chullickaparambil** is transferred from St. Antony's Church, Thalayar and is appointed as the Parish Priest in Charge of St. Joseph's Church, Velliamattam.

Rev. Fr. **Scaria (Jiss) Anickal** is transferred from St. Joseph's Church, Velliamattam and is appointed as the Parish Priest of St. Thomas Church, Vechoochira.

Rev. Fr. **Joseph Kuttikattil** is transferred from St. Thomas Church, Vechoochira and is appointed as the Parish Priest of Mount Carmel Church, Andoor.

Rev. Fr. **Peter Augustine Mathirappilly** is transferred from Mount Carmel Church, Andoor and is appointed as the Parish Priest of Infant Jesus Church, Maduravely.

Rev. Fr. **Mathew Vattamakkil** is transferred from Infant Jesus Church, Maduravely and is appointed as the Parish Priest of Mount Carmel Church, Vazhoor.

Rev. Fr. **Tom Jose** is transferred from Mount Carmel Church, Vazhoor and is appointed as the Parish Priest of St. Mary's Church, Mundakayam.

Rev. **Msgr. Henry Kochuparambil** has retired from his active Pastoral Ministry, and is residing at St. Pius X Priests'Home, Vimalagiri

Rev. Fr. **Sunny Ellickal HGN** is appointed as the Parish Priest of Holy Family Church, Edamon .

Rev. Fr. **Issac Padijarekuttu** is transferred from Holy Family Church, Edamon and is appointed as the Parish Priest of Little Flower Church, Elikkulam.

Rev. Fr. **Gregory Koottummel** is transferred from Little Flower Church, Elikkulam and is appointed as the Parish Priest of St. Boniface Church, Pattithanam.

Rev. Fr. **Stephen Puthenparambil** is transferred from St. Boniface Church, Pattithanam and is appointed as the Parish Priest of Mary Mount Church, Changanassery.

Rev. Fr. **Augustine T. Kallarackal** is transferred from Mary Mount Church, Changanassery and is appointed as the Parish Priest of St. Michael's Church, Pothy.

Rev. Fr. **Ouseph Puthenparambil** is transferred from St. Michael's Church, Pothy and, is appointed as the Parish Priest of St. Paul's Church, Vettimukal.

Rev. Fr. **George Mudakkumpuram SVD** Is appointed as the Assistant Parish Priest of Assumption Church, Vandiperiyar.

Rev. Fr. **Varghese Tijo Mattappalliyil** is transferred from Assumption Church, Vandiperiyar and, is appointed as the Parish Priest in Charge of Little Flower Church, Kanthaloor.

Rev. Fr. **Mathew Lazer (Britto) Villukulam** is transferred from Little Flower Church, Kanthaloor and, is appointed as the Parish Priest in Charge of Our Lady's Church, Chinnakanal.

Rev. Fr. **Victor Georget Major** is transferred from Our Lady's Church, Chinnakanal and is appointed as the Parish Priest in Charge of of St. Joseph's Church, Gudarele.

Rev. Fr. **Joseph (Vijosh) Mulloor** is transferred from St. Joseph's Church, Gudarele and, is appointed as the Parish Priest in charge of St. Joseph's Church, Surianelly.

Rev. Fr. **Kuruvila Augustine Kurisuveettil** is transferred from St. Joseph's Church, Surianelly and, is appointed as the Parish Priest of Marygiri Church, Kallar, Chemplam.

Rev. Fr. **Mathew Madathil** is transferred from Marygiri Church, Kallar, Chemplam and, is appointed as the Parish Priest of Velankanni Matha Church, Biyelreve.

Rev. Fr. **Chacko Kannanthara** is transferred from Velankanni Matha Church, Biyelreve and, is appointed as the Parish Priest of St. Martin D' Porres Church, Adimaly.

Rev. Fr. **Abraham Kaliath** is transferred from St. Martin D' Porres Church, Adimaly and is appointed as the Parish Priest of St. Joseph's Church, Arnakal

Rev. **Fr. Suresh A**. is transferred from St. Joseph's Church Arnakal and is appointed as the Parish Priest of Vimalahrudaya Church, Kuttikanam.

Rev. Fr. **Hilary Joseph Thekekuttu** is transferred from Vimalahrudaya Church, Kuttikanam and is appointed as the Parish Priest of St. Xavier's Church, Kurichy.

Rev. **Dr. Antony Pattaparambil** is transferred from St. Xavier's Church, Kurichy and, is appointed as the Associate Manager of the Educational Corporate Agency of the Diocese of Vijayapuram, and as the Rector of Holy Family Chapel, Kottayam.

Rev. Fr. **Dennis Joseph Kannamalil** is transferred from St. Mary's Church, Nattassery and, is appointed as the Parish Priest of St. Peter's Church, Kumarakom

Rev. Fr. **Mathew (Subash) Vyakazha** is transferred from St. Peter's Church, Kumarakom and is appointed as the Parish Priest of St. John the Baptist Church, Veloor.

Rev. Fr. **Augustine Binoy mecheril** is transferred from St. John the Baptist Church, Veloor and, is appointed as the Parish Priest of St. Mary's Church, Nattassery.

Rev. Fr. **John Viyanny Mattuppilliyil** is transferred from Vimalagiri Cathedral, Kottayam and, is appointed as the Parish Priest of Little Flower Church, Vanavathukkara.

Rev. Fr. **Dennis Joseph** is relieved from the Office of the Executive Director of Vijayapuram Social Service Society.

Rev. Fr. **Augustine Binoy Mecheril** is appointed as the Executive Director of Vijayapuram Social Service Society of the Diocese of Vijayapuram.

Rev. Fr. **Joseph (Vijosh) Mulloor** is relieved from the associate Director of Regional Office of VSSS, Animation Centre for Munnar Integral Social Transformation (AC MIST) and MISTS, and Rev.Fr. **Victor Georget Major** is appointed in his place.

Rev. Fr. **Gregory Kootumel** is appointed as the Vicar Forane of District No.II

Rev. Fr. **Tom Jose** is appointed as the Vicar Forane of District No.III

*-Chancellor*

## 2019 മിഷൻ ഞായർ സംഭാവനയിൽ സമ്മാനാർഹരായ ഇടവകകളും സ്ഥാപനങ്ങളും

### എ. ഗ്രൂപ്പ് 500 കുടുംബങ്ങൾക്ക് മുകളിൽ

| | | |
|---|---|---|
| 1. അസംപ്ഷൻ ദൈവാലയം, വണ്ടിപ്പെരിയാർ | 6,06,060 | 1st |
| 2. തിരുഹൃദയ ദൈവാലയം, പാമ്പനാർ | 6,16,000 | 2nd |
| 3. മൗണ്ട് കാർമ്മൽ ദൈവാലയം, മൂന്നാർ | 6,04,000 | 3rd |

### ബി. ഗ്രൂപ്പ് 500–350 കുടുംബങ്ങൾ

| | | |
|---|---|---|
| 1. നല്ല ഇടയൻ ദൈവാലയം, കോട്ടയം | 4,09,200 | 1st |
| 2. സെന്റ് തെരേസാസ് ദൈവാലയം, പാക്കിൽ | 2,42,950 | 2nd |
| 3. ഇൻഫന്റ് ജീസസ് ദൈവാലയം, ഏലപ്പാറ | 2,00,000 | 3rd |

### സി. ഗ്രൂപ്പ് 350–200 കുടുംബങ്ങൾ

| | | |
|---|---|---|
| 1. ലൂർദ്മാതാ ദൈവാലയം, കുമളി | 3,00,333 | 1st |
| 2. സെന്റ് ജോർജ് ദൈവാലയം, പെരുമ്പാവൂർ | 2,82,200 | 2nd |
| 3. സെന്റ് ജോസഫ്സ് ദൈവാലയം, സൂര്യനെല്ലി | 1,50,000 | 3rd |

### ഡി. ഗ്രൂപ്പ് 200–100 കുടുംബങ്ങൾ

| | | |
|---|---|---|
| 1. മേരിഗിരി ദൈവാലയം, നെടുങ്കണ്ടം, കല്ലാർ | 1,61,300 | 1st |
| 2. സെന്റ് ജോസഫ്സ് ദൈവാലയം, വിശ്വനാഥപുരം | 1,55,551 | 2nd |
| 3. സെന്റ് മേരീസ് ദൈവാലയം, മറയൂർ | 1,10,000 | 3rd |

### ഇ. ഗ്രൂപ്പ് 100–ൽ താഴെ കുടുംബങ്ങൾ

| | | |
|---|---|---|
| 1. സെന്റ് ജൂഡ് ദൈവാലയം, ദിണ്ടികൊമ്പ് | 77,777 | 1st |
| 2. ഫാത്തിമഗിരി ദൈവാലയം, കുന്നന്താനം | 60,290 | 2nd |
| 3. ഹോളി ക്രോസ് ദൈവാലയം, വൈശ്യംഭാഗം | 51,582 | 3rd |

### ഇടവകയല്ലാത്ത ദൈവാലയം

| | | |
|---|---|---|
| 1. ഹോളിഫാമിലി ചാപ്പൽ, കോട്ടയം | 36,320 | 1st |

### സ്ഥാപനത്തോടുകൂടിയ കോൺവെന്റ്

| | | |
|---|---|---|
| 1. അമലാംബിക കോൺവെന്റ്, തേക്കടി | 35,000 | 1st |

### സ്ഥാപനമില്ലാത്ത കോൺവെന്റ്

| | | |
|---|---|---|
| 1. ഫാത്തിമ മാതാ കോൺവെന്റ്, നാഗമ്പടം | 63,000 | 1st |

*- വികാരി ജനറാൾ*

Diocese of Vijayapuram

CIRCULAR LETTER

VOL. XIV • NO. 09 • 2020 • AUGUST 2020

# കോവിഡും ക്രിസ്തീയ ധർമ്മവും

നമ്മുടെ വിശ്വാസ ജീവിതവും സാമൂഹ്യ പ്രതിബദ്ധതയും കൂടുതൽ പ്രാവർത്തികമാക്കുവാനുള്ള വലിയൊരവസരമാണ് കൊവിഡ്-19 ന്റെ പശ്ചാത്തലം. സഭാത്മക ജീവിതത്തിന്റെയും ആത്മീയ പരിപോഷണത്തിന്റെയും അടിസ്ഥാനമായി നിലകൊള്ളുന്ന കൂദാശകളുടെ പരികർമ്മത്തിൽത്തന്നെ ഏറെ വിലക്കുകളുണ്ട്. നമ്മെ സംബന്ധിച്ച് ഓരോ കൂദാശയും ഒരാഘോഷമാണ്. ആർഭാടങ്ങൾ ഒഴിവാക്കി ആഘോഷങ്ങൾ പരിമിതപ്പെടുത്തിയുള്ള കൂദാശാനുഷ്ടാനങ്ങൾ സ്വാഗതാർഹമാണ്. എന്നാൽ ഏറെ വേദനിപ്പിക്കുന്നത് ദിവ്യബലിയിലുള്ള ഭാഗഭാഗിത്വമാണ്. ഇക്കാര്യത്തിൽ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിലും ഒരു വിഭാഗം ജനങ്ങൾക്ക് തങ്ങൾ ചെറുപ്പം മുതലേ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി അനുവർത്തിച്ചു പോന്നിരുന്ന ദിവ്യകുർബാനയിലുള്ള ഭാഗഭാഗിത്വം പാടേ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇവർക്കുള്ള വേദനാനുഭവം മാദ്ധ്യമങ്ങളിലൂടെ പങ്കുവച്ചിട്ടുള്ളത് നമ്മൾ കാണുകയുണ്ടായി. കിടപ്പുരോഗികൾക്ക് മാസത്തിലൊരിക്കൽ നൽകിവരുന്ന ദിവ്യകുർബാനപോലെയെങ്കിലും ലഭിച്ചിരുന്നെങ്കിൽ എന്ന് തീവ്രമായ് ആഗ്രഹിക്കുന്നവരുമുണ്ട്.

ഈ കോവിഡ് കാലത്ത് സാമ്പത്തികമായി ദുരിതം അനുഭവിക്കുന്ന ധാരാളം കുടുംബങ്ങൾ നമ്മുടെ ഇടയിലുണ്ട്. സാമ്പത്തികമായി മെച്ചപ്പെട്ടത് എന്നു നാം കരുതിയിരുന്ന പലകുടുംബങ്ങളും ഇന്നു കഷ്ടതയിലാണ്, കാരണം ഒന്നുകിൽ ജോലി നഷ്ടപ്പെട്ടു, അല്ലെങ്കിൽ ശമ്പളം വെട്ടിക്കുറച്ചു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ദുരിതം അനുഭവിക്കുന്നവരെ സഹായിക്കുക എന്നത് നമ്മുടെ ക്രിസ്തീയ ബാദ്ധ്യതയാണ്.

ഇന്നത്തെ സാഹചര്യത്തിൽ 65 വയസ്സിനു മേലുള്ളവർക്ക് വീടിനു പുറത്തുപോകാൻ വിലക്കുണ്ട്. പ്രായമായ ദമ്പതികൾമാത്രം താമസിക്കുന്ന കുടുംബങ്ങളും നമ്മുടെ ഇടയിലുണ്ട്. ഭക്ഷ്യ സാധനങ്ങൾ വാങ്ങാനോ, മരുന്നു വാങ്ങാനോ, വൈദ്യുതി ബിൽ, വെള്ളക്കരം എന്നിവ അടയ്ക്കാനോ അവരല്ലാതെ ആരുമില്ലാത്ത അവസ്ഥ. നല്ല സമറിയാക്കാരനെപ്പോലെ

ആവശ്യക്കാരനു മുമ്പിൽ ആവശ്യനിവൃത്തിയുമായി കടന്നു ചെല്ലേണ്ടത് നമ്മുടെ കടമയല്ലേ.

നമ്മുടെ പ്രിയപ്പെട്ടവരുടെ നിര്യാണത്തിൽ വീട്ടിലെത്തി അവരോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിക്കുക നമ്മുടെ പതിവാണ്. എന്നാൽ ഇക്കാര്യത്തിനും വിലക്കുകളുണ്ട്. നിലവിലുള്ള വിലക്കിന്റെ കൂടെ നമ്മുടെ ഭയംമൂലം നമ്മളായിട്ട് ചില വിലക്കുകൾ കൂട്ടിച്ചേർത്തുപോകും. മുമ്പെന്നപോലെ എല്ലാ ആദരവോടുംകൂടി മൃതസംസ്കാരം നടത്താനും നമുക്കു സാധിക്കുന്നില്ല. കോവിഡ് ബാധിച്ചു മരിച്ചതെങ്കിൽ ഏറ്റവും അടുത്ത ബന്ധുക്കൾക്കുപോലും അകന്നു നിൽക്കേണ്ടിവരുന്ന അനുഭവങ്ങളുമുണ്ട്. ചിലയിടങ്ങളിൽ മൃതരായവരെ സംസ്കരിക്കാൻ അനുവദിക്കാത്ത സംഭവങ്ങളും നാം മാധ്യമങ്ങളിലൂടെ മനസ്സിലാക്കുന്നുണ്ട്. യാതൊരു പരിഗണനയും കൂടാതെ മൃഗങ്ങളെ കുഴിയിലേക്കു വലിച്ചെറിയുന്നതുപോലെ വലിച്ചെറിയുന്ന ദു:ഖകരമായ സംഭവങ്ങളും നാം കാണുകയുണ്ടായി. ബന്ധു മിത്രാദികൾ വെറും കാഴ്ചക്കാരായി നിൽക്കുന്ന സാഹചര്യവുമുണ്ട്. മൃതശരീരം നന്നായി പായ്ക്കു ചെയ്താണ് നമുക്കു കൈമാറുന്നത്. അതിൽ നിന്നും വൈറസ് ബാധ ഉണ്ടാവുകയില്ല എന്ന സത്യം നാം തിരിച്ചറിയണം. സഹായികളായെത്തുന്നവരും എല്ലാ സുരക്ഷാ മുൻകരുതലുകളോടെയാണ് സംസ്കാരച്ചടങ്ങുകൾക്ക് നേതൃത്വം വഹിക്കുന്നത്. മനുഷ്യോചിതമായ ആദരവു നൽകുന്നുണ്ടെങ്കിലും ക്രിസ്തീയ മുറപ്രകാരമുള്ള സംസ്കാരം നൽകുക നമ്മുടെ അവകാശവും കടമയുമാണ്.. സർക്കാരുമായും ആരോഗ്യവകുപ്പുമായുമുള്ള സംവാദത്തിന്റെ ഫലമായി നമ്മുടെ പ്രാർത്ഥനകളോടെയും ചടങ്ങുകളോടെയും സംസ്കാരകർമ്മം നിർവ്വഹിക്കുവാൻ അനുവാദം ലഭിച്ചിട്ടുണ്ട്. ഇതു മൃതരായവരുടെ അവകാശംകൂടിയാണ്.

മേൽപറഞ്ഞ കാര്യങ്ങൾക്കെല്ലാം വിശ്വാസവും അർപ്പണബോധവുമുള്ള സന്നദ്ധ പ്രവർത്തകർ (സമരിറ്റൻ സേന) ഉണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ എല്ലാ ഇടവകകളിലും കുറഞ്ഞത് പത്തുപേരടങ്ങുന്ന സന്നദ്ധ സേന സജ്ജമാകുന്നത് അഭികാമ്യമാണ്. ഒരു മേഖലയിൽ ഇടവകാ പ്രാതിനിധ്യത്തോടെ പതിനഞ്ചു പേരടങ്ങിയ ഒരു സേന തീർച്ചയായും രൂപീകരിക്കേണ്ടതാണ്. ഇവരുടെ കടമകൾ, പാലിക്കേണ്ട പ്രോട്ടോകോളുകൾ, തുടങ്ങിയവയിൽ പരിശീലനം ആവശ്യമാണ്. ജില്ലാകേന്ദ്രങ്ങൾ ഇവർക്കാവശ്യമായ പരിശീലനം നൽകാൻ സന്നദ്ധമാണ്. ഇടവകകളിലും മേഖലാതലത്തിലും സമരിറ്റൻ സേന രൂപീകരിച്ച് അറിയിച്ചാൽ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ആവശ്യമായ പരിശീലനം ക്രമീകരിക്കുന്നതാണ്. അതീവ ഗൗരവത്തോടെ ബഹുമാനപ്പെട്ട വികാരി അച്ചന്മാർ ഈ വിഷയം പരിഗണിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു

കോട്ടയം
01/08/2020

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
വിജയപുരം മെത്രാൻ

## കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡവലെപ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

# കോവിഡ്–19 അതിജീവനമാർഗ്ഗരേഖ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരങ്ങളേ,

**കേ**രള കത്തോലിക്കാസഭയുടെ സാമൂഹിക നീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷനിൽ നിന്നും സ്നേഹാശംസകൾ!

ഇന്നുവരെ നാം അഭിമുഖീകരിച്ചിട്ടില്ലാത്ത ഒരു മഹാവിപത്തിനെ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യമാണല്ലോ ഇപ്പോഴുള്ളത്. കോവിഡ് 19–ന്റെ വ്യാപനം എവിടെയും വലിയ ദുരിതങ്ങളും ആശങ്കകളുമാണ് ഉളവാക്കിയിരിക്കുന്നത്. ഈ പ്രതിസന്ധിയുടെ നടുവിൽ മനസ്സിടിയാതെ ദൈവം നല്കുന്ന കാലത്തിന്റെ അടയാളങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ തിരിച്ചറിയാൻ നമുക്കു കഴിയണം. സ്വാർത്ഥം ഉപേക്ഷിച്ച്, മനുഷ്യൻ ആത്യന്തിക ലക്ഷ്യമായ ദൈവത്തിലേക്കും ഒപ്പം സഹോദരങ്ങളിലേക്കും പ്രകൃതിയിലേക്കും മടങ്ങണമെന്ന ആഹ്വാനമിവിടെ മുഴങ്ങുന്നുണ്ട്. അത് നാം ശ്രവിച്ചുകൊണ്ട് പുതിയ ജീവിതശൈലികൾ സ്വീകരിക്കേണ്ടതാവശ്യമാണ്.

ഇന്നത്തെ പ്രത്യേക പരിതോവസ്ഥയിൽ ശരിയായി ഇടപെടുകയും പഠനം നടത്തുകയും ചെയ്തുകൊണ്ടാണ് അതിജീവനത്തിനു സഹായിക്കുന്ന കർമ്മപദ്ധതികൾ കമ്മീഷൻ ആവിഷ്കരിക്കുന്നത്. നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് നാം ഉണ്ടാക്കുന്ന ആഘാതങ്ങളാണ് പലപ്പോഴും വൈറസുകളുടെ രൂപമാറ്റത്തിന് (mutation) കാരണമാകുന്നത്. ഈ ഗണത്തിൽ ഏറ്റവും പുതിയതാണല്ലോ കോവിഡ് –19 ന് കാരണമാകുന്ന കൊറോണ വൈറസ്. ഈ വൈറസ് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും ആരോഗ്യമേഖലയിലും സാമ്പത്തിക മേഖലകളിലും കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ഏൽപ്പിക്കുന്ന ആഘാതം നാമിന്ന് നേരിട്ടനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ദൂഷ്യഫലങ്ങൾ എന്നവസാനിക്കുമെന്ന് നിശ്ചയിക്കപ്പെട്ടിട്ടുമില്ല. നാളിതുവരെ ഇതിനെ പ്രതിരോധിക്കുന്നതിനും വ്യാപനം തടയുന്നതിനും സഭയെന്ന നിലയിൽ നമ്മൾ ഉണർന്നു പ്രവർത്തിച്ചു. ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ രൂപതാതലങ്ങളിൽ കോവിഡ് അതിജീവനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നത് തികച്ചും അഭിനന്ദനാർഹമാണ്. ഇക്കാര്യത്തിൽ നമ്മുടെ രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ വഹിച്ചിട്ടുള്ള പങ്ക് നിർണ്ണായകവുമാണ്. ഈ സന്ദർഭത്തിൽ കോവിഡ്–19 ബാധിച്ച് മരണമടഞ്ഞ എല്ലാവരെയും പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. ഈ നാളുകളിൽ ത്യാഗപൂർവ്വം സേവനനിരതരായിരിക്കുന്ന നമ്മുടെ ആരോഗ്യപ്രവർത്തകർ, ഭരണാധികാരികൾ, നിയമപാലകർ, വൈദികർ, സന്ന്യസ്തർ തുടങ്ങിയ

വരെ ജസ്റ്റീസ് പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷൻ നന്ദിപൂർവ്വം ഓർക്കുന്നു.

ഏതൊരു ദുരന്തവും നമുക്കു മുന്നിൽ ചില വെല്ലുവിളികൾ അവശേഷിപ്പിക്കുന്നുണ്ട്. പുതിയ തീരുമാനങ്ങളും കർമ്മപദ്ധതികളും ഏറ്റെടുത്തു നടപ്പിലാക്കുവാനുള്ള അവസരമാണിത്. ദുരന്തമുഖത്തുള്ളവരെ അടിയന്തരമായി രക്ഷപ്പെടുത്തുക, അവർക്കാവശ്യമായ സഹായങ്ങൾ നൽകുക, പുനരധിവസിപ്പിക്കുക തുടങ്ങിയവ നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ് (Rescue, Relief and Rehabilitation).

ആവശ്യക്കാരന്റെ മുൻപിൽ മിശിഹായുടെ കണ്ണും കാതും കരങ്ങളും കാലുകളും ഹൃദയവുമായി കടന്നുചെന്ന്, അവരെ മനുഷ്യത്വപരമായി സഹായിച്ച് നമ്മുടെ ദൈവം ഇന്നും ജീവിക്കുന്ന ദൈവമാണെന്ന് അനുഭവവേദ്യമാക്കിക്കൊടുക്കുക വിശ്വാസികളുടെ കടമയാണ്. കർത്താവ് ഇന്നു നമ്മോട് ആവശ്യപ്പെടുന്ന സുവിശേഷപ്രഘോഷണം തന്നെയാണിത് എന്നതിൽ സംശയമില്ല.

കേരള കത്തോലിക്കാസഭ, പങ്കുവയ്ക്കുന്ന ഒരു സമൂഹമെന്ന നിലയിൽ എന്നും എവിടെയും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് പൂർവ്വാധികം തീക്ഷ്ണതയോടെ തുടരേണ്ടത് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഒരു അനിവാര്യതയാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും തിരികെയെത്തുന്ന നമ്മുടെ സഹോദരങ്ങളെ അനുഭാവപൂർവ്വം സ്വീകരിച്ചുകൊണ്ട് അവർക്ക് അനുകൂലമായ ജീവിതസാഹചര്യങ്ങൾ ഒരുക്കി ക്കൊടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദുരന്തങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന വർത്തമാനകാലസാഹചര്യത്തിൽ ഇവയെ ധൈര്യപൂർവ്വം അതിജീവിക്കാൻ നമ്മുടെ ജനങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. ഈ മേഖലകളിലെല്ലാം ഉണർന്നു പ്രവർത്തിക്കുവാൻ സഭ മുഴുവനെയും ആഹ്വാനം ചെയ്യുന്നു.

പരിസ്ഥിതി, കൃഷി, സമ്പത്ത്, വ്യക്തി-കുടുംബ -സാമൂഹികബന്ധങ്ങൾ എന്നിവയോടുള്ള സമീപനങ്ങളിൽ ഒരു ആന്തരികപരിവർത്തനത്തിന് നാം വിധേയരാകേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. ആഡംബരങ്ങളെക്കാൾ ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകി വേണം നാം മുമ്പോട്ടു ചരിക്കുവാൻ. മിതത്വവും ലളിതജീവിതശൈലിയും ആഘോഷവേളകളിലും മറ്റു ജീവിതസാഹചര്യങ്ങളിലും നമ്മുടെ മുഖമുദ്രയായി മാറേണ്ടതുണ്ട്. സ്വയംപര്യാപ്തമായ കുടുംബജീവിതം, സമൂഹജീവിതം എന്നിവയായിരിക്കണം നമ്മുടെ മുമ്പോട്ടുള്ള പ്രയാണത്തിൽ പ്രഥമ പരിഗണനകൾ.

കോവിഡ്-19 ഏൽപ്പിക്കുന്ന ആഘാതങ്ങളെ അതിജീവിക്കുന്നതിനായി വരുന്ന മൂന്നു വർഷത്തേക്ക് നമ്മുടെ കമ്മീഷന്റെ കീഴിലുള്ള കേരളാ സോഷ്യൽ സർവ്വീസ് ഫോറവും, 32 രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും സംയുക്തമായി 'കോവിഡ് അതിജീവനം' (Surviving Covid) എന്ന ശീർഷകത്തിൽ തയ്യാറാക്കിയിരിക്കുന്ന കർമ്മപദ്ധതികൾ കേരള കത്തോലിക്കാസഭയ്ക്കുവേണ്ടി സ്നേഹപൂർവ്വം സമർപ്പിക്കുകയാണ്. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന കേരള

സമൂഹത്തിന് ഒരു നവദർശനവും പരിരക്ഷയും പ്രദാനംചെയ്യുന്ന കർമ്മപരിപാടികളാണ് നമ്മൾ ആവിഷ്കരി ച്ചിരിക്കുന്നത്.

**1. ആരോഗ്യപരിരക്ഷ:** അനുദിനം രോഗഗ്രസ്തമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. വരുമാനത്തിന്റെ മുഖ്യപങ്കും മരുന്നിനും ചികിത്സയ്ക്കുമായിട്ടാണല്ലോ നാം ചെലവിടുന്നത്. ജീവിതശൈലീരോഗങ്ങൾ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് നമ്മുടെ ഇടയിലാണ്. ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ ദിനംതോറും കൂടിവരുന്നു. ഈ മേഖലയിൽ പ്രധാനമായും നാലു രീതിയിലുള്ള ഇടപെടലുകൾ പ്രയോജനപ്രദമാകുമെന്ന് സഭ ചിന്തിക്കുന്നു.

(എ) ആരോഗ്യ പരിപോഷണ പ്രവർത്തനങ്ങൾ
(ബി) രോഗപ്രതിരോധപ്രവർത്തനങ്ങൾ
(സി) സൗഖ്യദായകമായ ചികിത്സാസൗകര്യങ്ങൾ
(ഡി) ആരോഗ്യ പുനരധിവാസ പ്രവർത്തനങ്ങൾ

ഇവയുടെ ഭാഗമായി നമ്മുടെ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങളെ അതേപടി പാലിക്കുന്നതിന് ഏവരും ശ്രദ്ധിക്കുന്നതോടൊപ്പം ഓരോരുത്തരും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കേണ്ടതുമാണ്. സാമൂഹ്യസുരക്ഷാപദ്ധതികളിൽ എല്ലാ കുടുംബാംഗങ്ങളും പങ്കുകാരാകേണ്ടതുമാണ്.

**2. ഭക്ഷ്യസുരക്ഷ:** ഭക്ഷണമായിരിക്കണം നമ്മുടെ മരുന്ന്. നമുക്കനുയോജ്യമല്ലാത്ത ഭക്ഷണക്രമമാണല്ലോ പല രോഗങ്ങളും ക്ഷണിച്ചുവരുത്തുന്നത്. ഭക്ഷ്യോൽപാദനത്തിൽ ഇനിയും നാം സ്വയംപര്യാപ്തത നേടിയിട്ടില്ല. ഇനിയെങ്കിലും ഇതിനൊരു പരിഹാരം ഉണ്ടായേ മതിയാകൂ. വിഷവിമുക്ത ഭക്ഷണശൈലി നാം അവലംബിക്കേണ്ടത് അത്യാവശ്യമാണ്. നാം എന്തു ഭക്ഷിക്കണമെന്ന് നാം തന്നെ തീരുമാനിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാവണം. പരസ്യങ്ങളുടെ പിന്നാലെ പോയി ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന ഭക്ഷണപദാർത്ഥങ്ങൾ സ്വീകരിക്കുന്നശൈലി വർജ്ജിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒപ്പം, രോഗപ്രതിരോധശക്തി പ്രദാനം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾ കൂടുതലായി നമ്മുടെ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്താൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. ഭക്ഷണകാര്യത്തിൽ ഒരു മിതത്വം നാം പാലിക്കേണ്ടതുമുണ്ട്. ഭക്ഷ്യസുരക്ഷാപ്രവർത്തനങ്ങളും ഇതോടൊപ്പം നാം ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. അങ്ങനെ ഒരു പുതിയ ഭക്ഷ്യസാക്ഷരത പിൻതുടരുവാൻ കേരളസമൂഹം കാലവിളംബം വരുത്തിക്കൂടാ.

**3. കാർഷികസംസ്കൃതി:** കൃഷിയായിരുന്നല്ലോ നമ്മുടെപ്രധാന സംസ്കാരം. നമ്മുടെ ഇളംതലമുറയെ കൃഷിയിലേക്കാകർഷിക്കുവാൻ നമുക്ക് സാധിക്കണം. കാർഷികവൃത്തിയിൽ ക്രൈസ്തവർ മുൻപന്തിയിലാണെങ്കിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ നാം പിൻപന്തിയിലാണ്. ഇവിടെയും ഒരു ക്രിയാത്മകമാറ്റം അനിവാര്യമാണ്. ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാന വർദ്ധനവിനും സഹായകരമാകുന്നു. ഏകവിള സമ്പ്രദായത്തിനു പകരം ബഹുവിളയും, സമ്മിശ്രകൃഷി രീതിയുമാണ് നാം ഏറ്റെടുക്കേണ്ടത്. നമ്മുടെ എല്ലാ കുടുംബങ്ങളിലും ഒരു അടുക്കളത്തോട്ടം ഉണ്ടാക്കി

പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ആർജ്ജിക്കേണ്ടതാണ്. പാരമ്പര്യമായി നമുക്കുള്ള കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, വിത്തിനങ്ങൾ തുടങ്ങിയവ കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ സാധിക്കും. പ്രകൃതിദത്ത കൃഷിരീതിയും ജൈവകൃഷിരീതിയും ആയിരിക്കണം നാം അവലംബിക്കേണ്ടത്. അതുവഴി നമ്മുടെ ആവാസവ്യവസ്ഥയെയും മണ്ണിനെയും നമുക്ക് സംരക്ഷിക്കാനാവും. വിപണനമേഖലയിലും വിലസ്ഥിരത ഉറപ്പാക്കുന്ന നവസംരംഭങ്ങൾ ആരംഭിക്കേണ്ടത് ഇന്നത്തെ വലിയ ആവശ്യമാണ്.

**4. പരിസ്ഥിതി സംരക്ഷണം:** ഫ്രാൻസിസ് പാപ്പായുടെ ലൗദാത്തോ സി (*Laudato Si*) എന്ന ചാക്രികലേഖനം ഭൂമിയെ ഒരു പൊതുഭവനമായിട്ടാണല്ലോ അവതരിപ്പിക്കുന്നത്. ശുദ്ധമായ വായു, വെള്ളം. മണ്ണ്, ആവാസവ്യവസ്ഥ മുതലായവയെല്ലാം സമസ്ത ജീവജാലങ്ങളുടെയും അവകാശമാണെന്ന് പാപ്പാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വലിച്ചെറിയൽ സംസ്കാരത്തിന് അറുതിവരുത്തേണ്ടതിന്റെ ആവശ്യകത പാപ്പാ നമ്മെ വ്യക്തമായി ഉദ്ബോധിപ്പിക്കുന്നുണ്ട്. എല്ലാത്തരത്തിലുമുള്ള മലിനീകരണത്തിനും നമ്മൾ അറുതി വരുത്തേണ്ടതാണ്. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയണം. ഉറവിടങ്ങളിലെ മാലിന്യസംസ്കരണം ജീവിതശൈലിയുടെ ഭാഗമാക്കേണ്ടതാണ്. കൃഷിയിടങ്ങളിലും അല്ലാതെയുമുള്ള വനവൽക്കരണം പ്രോൽസാഹിപ്പിക്കണം. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. പ്രകൃതിവിഭവങ്ങളുടെ നീതിപൂർവ്വകമായ ഉപയോഗം ഉറപ്പുവരുത്താൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളോടുകൂടി നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ നാമൊരുമിച്ച് യത്നിക്കണം.

**5. സാമ്പത്തികഭദ്രത:** മറ്റേതു മേഖലയും പോലെതന്നെ കോവിഡ്-19 സാമ്പത്തികമേഖലയിലും കനത്ത പ്രഹരമാണ് ഏൽപ്പിച്ചിരിക്കുന്നത്. മുൻഗണനാക്രമങ്ങളിൽ ആവശ്യങ്ങളെ ക്രമീകരിച്ച് മിതവ്യയം അഭ്യസിച്ച് സമ്പാദ്യശീലം വർദ്ധിപ്പിച്ചാൽ മാത്രമേ നമുക്ക് പിടിച്ചു നിൽക്കുവാനാവൂ. എല്ലാത്തരം ധൂർത്തും ആഡംബരങ്ങളും നമ്മൾ ഒഴിവാക്കാൻ ശ്രമിക്കണം. സാമ്പത്തിക അച്ചടക്കം പാലിക്കലാണ് ഈ സാക്ഷരതയുടെ മുഖ്യപ്രമേയം. സർക്കാർ ആനുകൂല്യങ്ങൾ വേണ്ടവിധം പഠിച്ചു മനസ്സിലാക്കി പ്രയോജനപ്പെടുത്തുന്നതിൽ നാം ഇനിയും മടിച്ചുനിൽക്കരുത്. വരുമാനദായകമല്ലാത്ത എല്ലാ നിക്ഷേപങ്ങളും സാമ്പത്തികമേഖലയിലുള്ള നമ്മുടെ ആഘാതം വർദ്ധിപ്പിക്കുകയേയുള്ളൂ. പാവങ്ങളോട് പക്ഷം ചേർന്ന് ജീവിക്കുന്നതിനായി ജാതി, മത, വർഗ്ഗ വർണ്ണഭേദമെന്യേ പങ്കുവയ്ക്കുന്ന ജീവിതശൈലി നമുക്കവലംബിക്കാം. അങ്ങനെ നമ്മുടെ സാമ്പത്തികമേഖലയ്ക്ക് നമ്മളാലാവുംവിധം പുതുജീവൻ പകരുന്നതിന് ഇടയാകട്ടെ.

പ്രകൃതിദത്ത ദുരന്തങ്ങളെ നമുക്ക് അഭിമുഖീകരിക്കാതിരിക്കുവാൻ കഴിയില്ല. എന്നാൽ മനുഷ്യനിർമ്മിത ദുരന്തങ്ങൾക്ക് അറുതി വരുത്താൻ ഇനിയെങ്കിലും നാം ശ്രദ്ധിക്കേണ്ടതാണ്. പല ദുരന്തങ്ങളും

മനുഷ്യനിർമ്മിതമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അതുകൊണ്ടുതന്നെ നമ്മുടെ സമൂഹത്തെ ശരിയായി ബോധവൽക്കരിച്ച് പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും നാം സജ്ജമാക്കേണ്ടിയിരിക്കുന്നു.

കേരള കത്തോലിക്കാസഭയുടെ സമൂഹികനീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷൻ ഈ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം തന്നെ കൂടുതൽ പഠനവിശകലനത്തിനു വിധേയമാക്കി അനുയോജ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ച് നമ്മുടെ പ്രകൃതിയെയും ജീവജാലങ്ങളെയും മനുഷ്യനെയും സംരക്ഷിക്കേണ്ടതിന് ഏവരെയും ദൈവനാമത്തിൽ ആഹ്വാനം ചെയ്യുന്നു. ഏവർക്കും ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സമൃദ്ധമായി ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് മാർ ജോസ് പുളിക്കൽ**
ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**ബിഷപ്പ് തോമസ് മാർ എവുസേബിയൂസ്**
വൈസ് ചെയർമാൻ,കെസിബിസി ജെ.പി.ഡി. കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

## പരേതരെ സ്മരിക്കാം – ആഗസ്റ്റ്

| | | |
|---|---|---|
| 01 | (2004) | ഫാ. ഏബ്രഹാം നിലപ്പന |
| 01 | (2006) | ഫാ. ഏബ്രഹാം പാണങ്ങാട്ട് |
| 03 | (1998) | ഫാ. ജോസഫ് കൊച്ചുപറമ്പിൽ |
| 07 | (2011) | ആർച്ച്ബിഷപ്പ് കോർണേലിയൂസ് ഇലഞ്ഞിക്കൽ |
| 09 | (2019) | ഫാ. മാത്യു കിഴക്കേക്കുറ്റ് |
| 13 | (2004) | ഫാ. വെയിൽസ് ജോസഫ് പനച്ചിത്തറ |
| 15 | (1998) | ഫാ. ഏബ്രഹാം പൗവ്വത്ത് |
| 16 | (1981) | ഫാ. സെബാസ്റ്റ്യൻ ഓണംകുളം |
| 21 | (1973) | ഫാ. തോമസ് കല്ലൂർവീടൻ |
| 23 | (1973) | ഫാ. ജോസഫ് വേണാട്ട് |

# അക്ഷയഗാത്രയായ അമ്മ

ജെ.എം

## ആമുഖം

നശ്വരമായ ഈ ലോകത്തിൽ ദൈവം തന്റെ പ്രിയമക്കൾക്ക് നൽകുന്ന സമ്മാനമാണ് മരണശേഷവും അഴുകാത്ത ശരീരം. ദൈവം നൽകുന്ന വാഗ്ദാനം 'ദൈവത്തിന്റെ പരിശുദ്ധൻ ജീർണ്ണിക്കാൻ അനുവദിക്കുകയില്ല.' (സങ്കീ. 16:10) എന്നാണ് പഴയനിയമത്തിലൂടെ കടന്നുപോകുമ്പോൾ നമുക്ക് അറിയുവാൻ സാധിക്കുന്നത്. മോശ മരിച്ചുവെങ്കിലും അദ്ദേഹത്തിന്റെ കബറിടം പിന്നീട് യഹൂദർക്ക് കണ്ടെത്തുവാൻ സാധിച്ചില്ല. അതുകൊണ്ട്തന്നെ മോശ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്ന് യഹൂദർ വിശ്വസിച്ചിരുന്നു. ഏനോക്കും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നു വിശ്വസിക്കുന്നു. (ഉത്. 5:24) ഏലീയ പ്രവാചകനും ഉടലോടെ സ്വർഗ്ഗത്തിൽ എടുക്കപ്പെട്ട സംഭവം ബൈബിളിൽ വിവരിക്കുന്നുണ്ട്. (2 രാജ 2: 8–12) വി. ഫിലോമിന മുതൽ നൂറ് കണക്കിന് വിശുദ്ധരുടെ ശരീരം അഴുകാതെയിരിക്കുന്നത് നമുക്ക് കാണാൻ സാധിക്കും. Ad se sumere എന്ന വാക്കിൽ നിന്നാണ് assumption എന്ന വാക്ക് ഉത്ഭവിച്ചത് പദത്തിന്റെ അർത്ഥം തന്നിലേയ്ക്ക് തന്നെ സ്വീകരിക്കുക, മുകളിലേക്ക് എടുക്കുക എന്നാണ്. ദൈവമാതാവ് ദൈവശക്തിയാൽ ആത്മശരീരങ്ങളോടുകൂടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു.

കത്തോലിക്കാ മതബോധനഗ്രന്ഥത്തിൽ മാതാവിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് ഇങ്ങനെ പഠിപ്പിക്കുന്നു. "ഉത്ഭവ പാപത്തിന്റെ എല്ലാ മാലിന്യത്തിൽ നിന്നും സ്വതന്ത്രയാക്കി സൂക്ഷിക്കപ്പെട്ടിരുന്ന നിർമ്മല കന്യക അവളുടെ ഇഹലോകവാസത്തിന്റെ പരിസമാപ്തിയിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു. ഇത് കർത്താക്കളുടെ കർത്താവും, പാപത്തെയും മരണത്തെയും കീഴടക്കിയവനുമായ തന്റെ പുത്രനോട് അവൾ കൂടുതലായി അനുരൂപപ്പെടാൻ വേണ്ടിയായിരുന്നു. ഭാഗ്യവതിയായ കന്യകയുടെ സ്വർഗ്ഗാരോപണം തന്റെ പുത്രന്റെ പുനരുത്ഥാനത്തിലുള്ള അനന്യമായ പങ്കുചേരലും മറ്റ് ക്രൈസ്തവരുടെ പുനരുത്ഥാനത്തിന്റെ മുന്നാസ്വാദനവുമാണ്." (CCC:966)

### 1. പരിശുദ്ധ കന്യകമറിയത്തിന്റെ മരണം

സലാമിസിലെ വി. എപ്പിഫാനിയൂസ് മറിയത്തിന്റെ ഇഹലോകാവസാനത്തെക്കുറിച്ച് മൂന്ന് സാധ്യതകളാണ് നിർദ്ദേശിക്കുന്നത്. സ്വാഭാവികമരണം രക്തസാക്ഷിത്വം, മരണത്തിനു വിധേയാകാതെയുള്ള അമർത്യത.

വി. ജോൺ ഡമഷിന്റെ അഭിപ്രായത്തിൽ മറിയം തന്റെ പുത്രനെപ്പോലെ മരിച്ച് അടക്കപ്പെട്ടു. മറിയത്തിന്റെ ശരീരം അടക്കപ്പെട്ടു. മറിയത്തിന്റെ ശരീരം ജീർണ്ണിക്കാതെ മൂന്നാംദിവസം ശരീരവും ആത്മാവും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. വി. ഒരിജനും മാതാവിന്റെ മരണത്തെ സൂചിപ്പിക്കുന്നു. മറിയം തന്റെ മരണംവരെ കന്യകയായി ജീവിച്ചുവെന്ന് വി. അഗസ്തിനോസും, മരണത്തിനു വിധേയയായി എന്ന് വി.അപ്രേമും പറയുന്നു.

വി. അംബ്രോസ് മാതാവ് രക്തസാക്ഷിത്വം വരിച്ചുവെന്നവാദം തള്ളക്കള യുന്നു.

പാപത്തിന്റെ ഫലമാണ് മരണം. (റോമ 6:23) മാതാവ് പാപ രഹിത യായി ജനിച്ച് ജീവിച്ചതിനാൽ മാതാവിനെ മരണം പുൽകിയില്ല എന്ന് ആദിമ ക്രൈസ്തവരിൽ പലരും വിശ്വസിച്ചിരുന്നു. ജെറുസലെമിലെ തിമോ ത്തിയുടെ അഭിപ്രായത്തിൽ 'പ. കന്യകയ്ക്ക് മരണമില്ല. കാരണം അവ ളിൽ വസിച്ചവൻ അവളെ മഹത്വത്തിന്റെ സ്ഥലത്തേക്കാനയിച്ചു.' നീസാ യിലെ വി. ഗ്രിഗറിയുടെ അഭിപ്രായത്തിൽ 'മറിയം മാത്രം മരണത്തിനു കീഴ്പ്പെടാതെ നിലകൊണ്ടു.'

**2. മാതാവിന്റെ സ്വർഗ്ഗാരോപണമെന്ന വിശ്വാസം കാലഘട്ടങ്ങളിലൂടെ**

ബൈബിളിന്റെ താളുകളിലോ ചരിത്ര രേഖകളിലോ പ. അമ്മയുടെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് നമുക്ക് കാണുവാൻ സാധിക്കുകയില്ല. വി. യോഹന്നാന്റെ പേരിൽ എഴുതപ്പെട്ട അപ്രമാണിക ഗ്രന്ഥത്തിൽ മാതാ വിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്.

മാതാവിന്റെ മരണസമയത്ത് തോമസ് അപ്പോസ്തലൻ സ്ഥലത്ത് സന്നിഹിതനല്ലായിരുന്നു. കബറിടത്തിൽ പ്രാർഥിക്കാനായി പോയ തോമസ് അപ്പോസ്തലന്, മാലാഖമാരാൽ സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടത് കാണുവാൻ സാധിച്ചു. എന്റെ നാഥന്റെ അമ്മയെ കണുവാനുള്ള ഭാഗ്യം എനിക്കുണ്ടായി എന്ന് വി. തോമസ് ഉദ്ഘോഷിച്ചപ്പോൾ പരിശുദ്ധ അമ്മ അരുൾ ചെയ്തു "തോമയെ നീ ഭാഗ്യവാനാകുന്നു. നീ കണ്ട മഹത്വത്തിന്റെ വിവരങ്ങൾ നിന്റെ കൂട്ടുകാരെ അറിയിക്കുക" മാതാവിന്റെ സ്വർഗ്ഗാരോ പണം ആദ്യനൂറ്റാണ്ട് മുതൽ സഭയിൽ വിശ്വസിക്കപ്പെടുന്ന യാഥാർത്ഥ്യ മാണ്. മൂന്നാം നൂറ്റാണ്ടിൽ മാതാവിന്റെ സ്വർഗ്ഗാരോപണത്തെ സൂചിപ്പി ക്കുന്ന Book of Repose പ്രസിദ്ധീകൃതമായി. സ്വർഗ്ഗാരോപണതിരുന്നാൾ സഭയിൽ ആദ്യം ആഘോഷിച്ചിരുന്നത് മാതാവിന്റെ ജനനതിരുനാൾ എന്ന പേരിലാണ്. മാതാവിന്റെ സ്വർഗ്ഗീയ പ്രവേശത്തെയാണ് ഇത് സൂചിപ്പിച്ചി രുന്നത്. മറിയത്തിന്റെ ഗാഢനിദ്രയുടെ തിരുനാൾ (Dormition) എന്ന പേരിലും ഈ തിരുനാൾ അറിയപ്പെട്ടുതുടങ്ങി. നാലാം നൂറ്റാണ്ടിൽ Six books on the dormition of mary എന്ന പുസ്തകം പ്രസിദ്ധീകൃതമായി.

451-ലെ കാൽസിഡോണിയ സൂനഹദോസിൽ ജെറുസലേമിലെ വി. ജുവനൽ സ്വർഗ്ഗാരോപണത്തെപ്പറ്റി പ്രതിപാദിക്കുകയുണ്ടായി. 580-ൽ ടൂറി നിലെ ഗ്രിഗറി ജനുവരിമാസം മാതാവിന്റെ തിരുനാൾ ആരംഭിക്കുകയും തന്റെ സുവിശേഷപ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുകയും ചെയ്തു. "കർത്താവ് മറിയത്തിന്റെ ശരീരം സ്വർഗ്ഗത്തിലേക്ക് എടുത്തു അവിടെ അത് മറിയത്തിന്റെ ആത്മാവുമായി സംയോജിപ്പിച്ചു. തിരഞ്ഞെടുക്കപ്പെട്ടവരോട് കൂടി മറിയം ഇപ്പോൾ സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നു." വി. ആൽദം ഈ കാലയളവിൽ മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ ഇംഗ്ലണ്ടിൽ ആരം ഭിച്ചു. പിന്നീട് മാതാവിന്റെ സ്വർഗ്ഗാരോപണ ദൈവാലയം പണികഴിപ്പി ക്കുകയും ചെയ്തു. മൗരീസ് എന്ന ചക്രവർത്തി മാതാവിന്റെ ഗാഢനിദ്ര യുടെ തിരുനാൾ ആഗസ്റ്റ് 15ന് ആഘോഷിക്കാൻ ആവശ്യപ്പെട്ടു. സേർജി യസ്പാപ്പ (687-701) ഈ തിരുന്നാൾ ദിവസത്തിൽ പ്രദക്ഷിണം നടത്തു വാൻ നിർദ്ദേശിച്ചു. ലിവിയയിലെ മെത്രാനായ തെയോതെക്നോസ് മാതാ വിന്റെ ഗാഢനിദ്രയുടെ തിരുന്നാളിൽ ഇങ്ങനെ പ്രസ്താവിച്ചു. "ദൈവത്തെ

വഹിച്ച ശരീരം മരണത്തിനു വിധേയമായാൽപ്പോലും ഒരിക്കലും ജീർണ്ണിക്കാൻ ഇടയാവുകയില്ല. " ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. ജെർമ്മാനുസിന്റെ അഭിപ്രായത്തിൽ 'പ. കന്യകമറിയത്തിന്റെ ശരീരം പൂർണ്ണമായും വിശുദ്ധവും നിർമ്മലവും ദൈവത്തിന്റെ വാസസ്ഥലവുമാണ്. അത് ഇനി മേൽ പൊടിയായി തകരുന്നതിൽ നിന്ന് തികച്ചും വിമുക്തമാണ്. മഹത്വപൂർണ്ണവും കേടുവരാത്തതുമായ പൂർണ്ണ ജീവനിൽ പങ്കുപറ്റുന്നതുമാക്കിയിരിക്കുന്നു.' 8-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. ജോൺ ഡമീഷൻ ഇങ്ങനെ ഉദ്ഘോഷിക്കുന്നു. "ദൈവ വചനത്തെ അനുസരിച്ചവളും പരിശുദ്ധാരൂപിയിൽ പൂരിതയും മരണം ഇല്ലാത്തവന് ജന്മം നൽകിയവളുമായ മറിയത്തിന്റെ ശരീരം അഴിയപ്പെടാൻ ദൈവം അനുവദിക്കുമോ നശിപ്പിക്കാൻ കഴിയാത്ത ദൈവാലയവും അണയ്ക്കാൻ കഴിയാത്ത ദീപവും, പ. ആത്മാവിന്റെ പേടകവും വചനത്തിന്റെ സ്ഥലവുമാണ് മറിയം." വി. ഇസദോറും, ഹൂഗോയിലെ വി. വിക്ടറും മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെ വിശ്വസിച്ച് പ്രഖ്യാപിച്ചവരാണ്.

മദ്ധ്യശതകങ്ങളിൽ ജീവിച്ചിരുന്ന വിശുദ്ധരുടെയും ധ്യാനവിഷയം ആയിരുന്നു മാതാവിന്റെ സ്വർഗ്ഗാരോപണം. വി. അന്തോണിസ് പറയുന്നു "യേശുക്രിസ്തു താൻ കീഴടക്കിയ മരണത്തിൽ നിന്ന് ഉത്ഥാനം ചെയ്തു. അതുപോലെ തന്നെ, അവിടുത്തെ വിശുദ്ധീകരണത്തിന്റെ പേടകവും ഉത്ഥാനം ചെയ്തു. കാരണം ഇന്ന് കന്യകമറിയം അവളുടെ സ്വർഗ്ഗീയ വസതിയിലേക്ക് എടുക്കപ്പെട്ടു." മാതാവിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് ധ്യാനിച്ച്കൊണ്ട് വി. റോബർട്ട് ബെല്ലാർമിൻ ഇങ്ങനെ ചോദിക്കുന്നു. "വിശുദ്ധിയുടെ പേടകവചനത്തിന്റെ വാസസ്ഥലം, പരിശുദ്ധാത്മാവിന്റെ ആലയം നശിപ്പിക്കപ്പെടാൻ കഴിയുമെന്ന് ആർക്കു വിശ്വസിക്കാൻ കഴിയും. "മാതാവിന്റെ ശരീരത്തെ ജീർണ്ണിക്കാൻ അനുവദിക്കുകയെന്നത് യേശുവിന്റെ മഹത്വത്തിന് തന്നെ മങ്ങലേൽപ്പിക്കുന്ന കാര്യമാണ്" എന്ന് വി. അൽഫോൻസ് ലിഗോരിയും അഭിപ്രായപെടുന്നു.

### 3. മാതാവിന്റെ സ്വർഗ്ഗാരോപണമെന്ന വിശ്വാസ സത്യം.

ഓരോ കത്തോലിക്കാ മതവിശ്വാസിയും സഭയിലെ നാല് മരിയൻ വിശ്വാസ സത്യങ്ങളും വിശ്വസിക്കാൻ ബാദ്ധ്യസ്ഥനാണ്. അവ പ. കന്യകമറിയത്തിന്റെ ദൈവമാതൃത്വം, നിത്യകന്യാകത്വം അമലോത്ഭവം, സ്വർഗ്ഗാരോപണം എന്നിവയാണ്.

മാതാവിന്റെ സ്വർഗ്ഗാരോപണം സഭയുടെ വിശ്വാസ പാരമ്പര്യത്തിന്റെ ഭാഗമായിരുന്നു. കാലാകാലങ്ങളായി സഭയുടെ ധ്യാനവിഷയവും ആയിരുന്നു പതിനെട്ടാം നൂറ്റാണ്ടിൽ മരിയദാസ സന്യാസസമൂഹാംഗമായ സി. ഷഗ്വാനിന്റെ നേതൃത്വത്തിൽ മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിക്കണമെന്ന ആവശ്യം പ. സിംഹാസനത്തിന്റെ മുമ്പാകെ അർപ്പിച്ചു. ഒന്നാം വത്തിക്കാൻ സൂനഹദോസിൽ പിയൂസ് IX-ാം പാപ്പ മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിക്കുന്നതിനെക്കുറിച്ച് അഭിപ്രായം ആരാഞ്ഞപ്പോൾ മെത്രാന്മാർ അതിനു സമ്മതം അറിയിച്ചുവെങ്കിലും യുദ്ധം രൂക്ഷമായതുകൊണ്ട് കൗൺസിൽ സമ്മേളനം മാറ്റിവയ്ക്കേണ്ടിവന്നു.

1946-ൽ പിയൂസ് XII-മൻ പാപ്പ "ദൈവമാതാവും കന്യകയും" (Deipara virginis Mariae) എന്ന തിരുവെഴുത്തിലൂടെ ആഗോളസഭയിലെ മെത്രാ

ന്മാരുടെ മുമ്പിൽ രണ്ട് ചോദ്യങ്ങൾ മുന്നോട്ട് വച്ചു. അവയിലൊന്ന് മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിക്കണമെന്ന ചോദ്യത്തിനു ബിഷപ്പ്മാരുടെ അഭിപ്രായം പറയണം എന്നതായിരുന്നു. 6 ബിഷപ്പ്മാരൊഴികെ എല്ലാവരും ഇതിനെ അനുകൂലിച്ചു. മാത്രമല്ല മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള 80 ലക്ഷം കത്തുകൾ പരിശുദ്ധ സിംഹാസനത്തിന്റെ മുമ്പിൽ വിശ്വാസികൾ അയച്ചു.

1950 നവംബർ ഒന്നിന് പിയൂസ് XII പാപ്പ 'മുണിഫിച്ചെന്തിസ്സിമൂസ് ദേവൂസ്' (അത്യുദാരനായ ദൈവം) എന്ന തിരുവെഴുത്തുവഴി മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിച്ചുകൊണ്ട് ഇങ്ങനെ പ്രസ്താവിച്ചു. "അമലോത്ഭവ ദൈവമാതാവും നിത്യകന്യകയുമായ മറിയം അവളുടെ ഭൂമിക ജീവിത കാലഘട്ടത്തിന്റെ പൂർത്തീകരണത്തിനുശേഷം ശരീരത്തോടും ആത്മാവോടും കൂടി സ്വർഗ്ഗീയ മഹത്വത്തിലേയ്ക്ക് സംവഹിക്കപ്പെട്ടു എന്നത് ദൈവത്തിങ്കൽ വെളിപ്പെടുത്തപ്പെട്ട ഒരു വിശ്വാസ സത്യമായി ഇതിനാൽ നാം വ്യക്തമാക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു."

മാതാവിന്റെ സ്വർഗ്ഗാരോപണംകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന് Christian Faith (no.98) ൽ വ്യക്തമാക്കുന്നു.

a. മരണത്തിന്റെ മേലുള്ള ക്രിസ്തുവിന്റെ വിജയത്തിൽ ആത്മാവും ശരീരവും പങ്കുചേരുന്നു.

b. കന്യകാമാതാവ് എന്ന നിലയിൽ യേശുവിനോടൊത്തുള്ള അവളുടെ തനതായ ബന്ധമാണ് മഹത്വീകരണത്തിനു കാരണം.

c. മനുഷ്യർക്കുവേണ്ടിയുള്ള മറിയത്തിന്റെ മാധ്യസ്ഥം.

**5. ഉപസംഹാരം**

പ. കന്യകാമറിയം സഭയിലെ അംഗവും മാതൃകയുമാണ്. ഫാൻസൺ ഇപ്രകാരം അരുൾചെയ്യുന്നു. "മറിയത്തിന്റെ ജീവിതത്തിൽ സംഭവിച്ചതു തന്നെയാണ് ഓരോ ക്രൈസ്തവന്റെ ജീവിതത്തിലും സംഭവിക്കുക." സുപ്രസിദ്ധ ബൈബിൾ പണ്ഡിതനായ റെയ്മൺ ഈ ബ്രൗൺ കുറച്ച് കൂടി വ്യക്തമായി ഈ കാര്യങ്ങൾ പറയുന്നുണ്ട്." നാം പ്രത്യാശപൂർവ്വം കാത്തിരിക്കുന്നവ നമുക്ക് ലഭിക്കുമെന്ന ഉറപ്പാണ് മറിയത്തിന്റെ സ്വർഗ്ഗാരോപണം. ആത്യന്തികമായി എല്ലാ ക്രിസ്ത്യാനികൾക്കും ലഭിക്കാനിരിക്കുന്ന നിത്യസൗഭാഗ്യത്തിനു മറിയം മുമ്പേ തന്നെ അർഹയായി എന്ന സത്യം ഈ പ്രഖ്യാപനത്തിലൂടെ വ്യക്തമാക്കുന്നുവെന്ന് മാത്രം".

രണ്ടാം വത്തിക്കാൻ കൗൺസിലിൽ തിരുസഭയെന്ന പ്രമാണരേഖയിലൂടെ കൗൺസിൽ പിതാക്കന്മാർ പറയുന്നു "ആരംഭദിശയിൽ തന്നെ തിരുസഭയെ പ്രാർഥനയിൽ സഹായിച്ചവളും ഇപ്പോൾ സകലവിശുദ്ധർക്കും ദൈവദൂതന്മാർക്കും ഉപരിയായി സ്വർഗ്ഗത്തിൽ മഹത്വീകൃതയുമായ മറിയത്തിന്റെ മുമ്പിൽ ക്രൈസ്തവ ലോകം മുഴുവൻ നിരന്തരപ്രാർഥന ചൊരിയട്ടെ. (L.G. 69) വി ആൻസലൈമിന്റെ പ്രാർത്ഥന നമ്മുടെയും പ്രാർഥനയാക്കാം. "ഓ മഹിമ നിറഞ്ഞ മഹതീ നിന്നിലൂടെ ഞങ്ങളിലേക്ക് അവരോഹണം ചെയ്യാൻ കനിഞ്ഞ നിന്റെ പുത്രനായ യേശുവിലേക്ക് ആരോഹണം ചെയ്യാൻ നിന്നിലൂടെ ഞങ്ങൾ അർഹരാകുന്നതിന് കൃപ ചെയ്യണമേ."

# യഥാർത്ഥ സ്വാതന്ത്ര്യം

ബ്ര. ടോണി മൂട്ടൂർ

പട്ടിണിയും പരിവട്ടവുമായി തെരുവിൽകിടന്നിരുന്ന ഒരു കുട്ടി വിളിച്ചുപറഞ്ഞു : 'സ്വാതന്ത്ര്യം' കൂട്ടത്തിൽ കിടന്നിരുന്ന സഹവാസികൾ പരസ്പരം മുഖത്തോടുമുഖം നോക്കി ചോദിച്ചു: ഇവനെന്താണ് ഈ പറയുന്നത്? അവൻ വീണ്ടും അതിശക്തമായി പറഞ്ഞു 'സ്വാതന്ത്ര്യം'. എന്താണ് എന്ന് അവർക്കു മനസ്സിലായില്ല. അവരും ഏറ്റുവിളിച്ചു: സ്വാതന്ത്ര്യം. അപ്പോൾ ഒരു പ്രത്യേക ശക്തി അവരിലേക്ക് സംവഹിക്കുന്നതായി അവർക്ക് അനുഭവപ്പെട്ടു. തങ്ങൾ പറയുന്ന വാക്കിന്റെ അർത്ഥം എന്തെന്ന് അവർക്കു അറിയില്ലായിരുന്നു. നമ്മുടെ അവസ്ഥ ഇതാണ് ആരോ എന്തോ വിളിക്കുന്നു നമ്മൾ അത് ഏറ്റുപാടി ജീവിക്കുന്നു. എന്നാൽ പറയുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും അർത്ഥം മനസ്സിലാക്കിയാൽ നമ്മൾ തെളിമയാർന്ന ജീവിതത്തിനു ഉടമകളായി മാറും. ഇന്ത്യ എന്റെ രാജ്യമാണെന്നും അത് സ്വതന്ത്ര രാഷ്ട്രമാണെന്നും നാം നൂറു തവണ പറയാറുണ്ട്. എന്നാൽ, അതിന്റെ അർത്ഥവ്യാപ്തി എത്രമാത്രമുണ്ടെന്നു മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ? തെരുവിൽ വസിക്കുന്ന ഒരു കുഞ്ഞു വെറുതെ 'സ്വാതന്ത്ര്യം' എന്നു പറഞ്ഞുപോകുന്നതല്ല മറിച്ച് ഏതൊരുവന്റെയും ഉള്ളിൽ നിന്ന് എപ്പോഴും നുരഞ്ഞുപൊങ്ങാൻ വെമ്പൽ കൊള്ളുന്ന വികാരമാണ് 'സ്വാതന്ത്ര്യം'. സ്വാതന്ത്രനായിരിക്കുക എന്നതു ഒരുവന്റെ അടിസ്ഥാന അവകാശമാണ്. അതുകൊണ്ടാണല്ലോ ഇന്ത്യൻ ഭരണഘടനയിലെ മൂന്നാമത്തെ ഭാഗത്തിലെ മൗലികാവകാശങ്ങൾ രണ്ടാമതായി തന്നെ 'സ്വാതന്ത്ര്യത്തിനു' പ്രാധാന്യം കൊടുത്തിരിക്കുന്നത്. 'സ്വാതന്ത്ര്യം' എന്ന വാക്കിനു തന്നെ കൈയ്യാമം വച്ചിരിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത് എന്താണ് 'സ്വാതന്ത്ര്യം' എന്ന ചോദ്യത്തിന് അനന്തമായ ഉത്തരങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്.

നാം നമ്മുടെ മാതൃരാജ്യത്തിന്റെ 74-മത് 'സ്വാതന്ത്ര്യദിനം' ആഘോഷിക്കുന്ന ഈ സുദിനത്തിൽ നമ്മോടു തന്നെ ചോദിക്കാം. 'സ്വാതന്ത്ര്യം' ലഭിച്ചു 73 വർഷം പിന്നിടുമ്പോഴും യഥാർത്ഥമായ സ്വാതന്ത്ര്യം ഞാൻ അനുഭവിക്കുന്നുണ്ടോ എന്ന്. പ്രധാനദാർശനിക വിഭാഗങ്ങളിൽ ഒന്നായ 'സ്വാതന്ത്ര്യം' മനുഷ്യന്റെ സത്തയേയും അവന്റെ അസ്തിത്വത്തെയും ചിത്രീകരിക്കുന്നു. തത്വശാസ്ത്രത്തിൽ 'സ്വാതന്ത്ര്യത്തെ മനസ്സിന്റെ ഒരവസ്ഥയായിട്ടാണ് അവതരിപ്പിക്കുന്നത്. ഏതൊരു മനുഷ്യനും സന്തോഷത്തോടെ ഇരിക്കുവാനാണ് എപ്പോഴും ആഗ്രഹിക്കുന്നത്. അവന്റെ സന്തോഷാവസ്ഥയെ ഹനിക്കുന്ന രീതിയിൽ ബാഹ്യമായ ഇടപെടലുകൾ ഉണ്ടാവുമ്പോൾ അവനു അവന്റെ 'സ്വാതന്ത്ര്യം' നഷ്ടമാകുന്നു. അപ്പോൾ ഓരോ മനുഷ്യ മനസിലും ആലേഖനം ചെയ്യേണ്ട ഒരു വാചകമുണ്ട്. "എന്നേപ്പോലെ ഈ ലോകത്തുള്ള ഏതൊരു മനുഷ്യനും സന്തോഷമാണ് ആഗ്രഹിക്കുന്നത് എന്ന്."" "ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ചു യുക്തിപരമായി ഒരുവന്റെ പ്രവർത്തികളെ നിയന്ത്രിക്കാനുള്ള കഴിവിനെ സ്വാതന്ത്ര്യമെന്ന് വിളിക്കാമെന്ന്" ജർമ്മൻ തത്ത്വചിന്തകനായ ഇമ്മാനുവൽ കാന്റ് പറയുന്നുണ്ട്. മറ്റൊരാളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതെ

പ്രവർത്തിക്കാനും, ചിന്തിക്കാനും, സംസാരിക്കാനുമുള്ള അവകാശത്തെ സ്വാതന്ത്ര്യമെന്ന് വിളിക്കാം. ഒരാളുടെ 'സ്വാതന്ത്ര്യം' തുടങ്ങുന്നത് അവന്റെ ആഗ്രഹത്തിൽ നിന്നാണെങ്കിൽ മറ്റൊരാളുടെ അവകാശം തുടങ്ങുന്നിടത്ത് അത് അവസാനിക്കുകയും ചെയ്യുന്നു. ഇതിന്റെ അർഥം നാം പരസ്പരം സ്നേഹിച്ചും ബഹുമാനിച്ചും മുന്നോട്ടുപോയാൽ 'സ്വാതന്ത്ര്യത്തിന്റെ തിര അലയടിക്കും എന്നാണ്. സത്യത്തിൽ നിന്നും സ്വാതന്ത്ര്യം പുറപ്പെടുന്നു. അതിനാൽ സത്യമുള്ളവൻ സ്വതന്ത്രനാകും. അവനു മറ്റൊരാളെ സ്വതന്ത്രനാക്കാനും കഴിയും. സ്വാതന്ത്ര്യസമരത്തിന് 'അഹിംസ' എന്ന ശക്തമായ ആത്മാവിനെ നൽകിയ നമ്മുടെ മഹാത്മാഗാന്ധി സത്യത്തെ എടുത്തുകാട്ടി. സത്യത്തെ അന്വേഷിക്കുക എന്നത് സ്വാതന്ത്ര്യത്തിലേക്കുള്ള വാതിലാണ്. വഴിയും സത്യവും ജീവനുമായ ക്രിസ്തു നിത്യസത്യമാണ്. അവിടുത്തെ അന്വേഷിക്കുന്നവൻ സ്വതന്ത്രനാകും.

ഭാരതാംബ തന്റെ എഴുപത്തിനാലാം സ്വാതന്ത്ര്യ ജന്മദിനം ആഘോഷിക്കുമ്പോൾ മക്കളായ നമ്മൾ അടിമത്വത്തിൽ തന്നെയാണ്. സംസാരിക്കാനുള്ള സ്വാതന്ത്ര്യം, ആരാധിക്കാനുള്ള സ്വാതന്ത്ര്യം. ആഗ്രഹത്തിൽ നിന്നുള്ള സ്വാതന്ത്ര്യം. ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യം. ഇതെല്ലാം നഷ്ടമായി കൊണ്ടിരിക്കുന്ന അവസ്ഥയിലേക്കാണ് നാം കടന്നു വരുന്നത്.

ഇതൊന്നും നമ്മെ ഭയപ്പെടുത്താനോ അടിമകളാക്കാനോ നാം സമ്മതിക്കരുത്. ഭയപ്പെട്ടു ജീവിക്കേണ്ടവരല്ല നമ്മൾ. നാം എപ്പോഴും നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നവരെ സ്മരിക്കണം. അവരുടെ വാക്കുകൾ ഓർക്കണം. കാരണം അതിൽ തീയുണ്ടായിരുന്നു. അവരുടെ ദേശത്തോടുള്ള സ്നേഹം അതിലുണ്ടായിരുന്നു. 1917-ൽ നാസിക്കിൽ വിഖ്യാതമായ പ്രസംഗം കാഴ്ചവച്ച ബാല ഗംഗാധരതിലക് പറഞ്ഞുവച്ചതു ഇത്രമാത്രം. "സ്വരാജ്യം എന്റെ ജന്മാവകാശമാണ്", 1942-ൽ ഓഗസ്റ്റ് 8-നു മഹാത്മാഗാന്ധി പ്രഖ്യാപിച്ചതു നാം ശ്രദ്ധിക്കണം. "അധികാരത്തിനു വേണ്ടിയുള്ള ഉദ്യമമല്ല നമ്മുടേത്. മറിച്ച് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ശുദ്ധമായ അഹിംസയുടെ പോരാട്ടമാണ്." 1944-ൽ ബർമ്മയിൽ വച്ച് 'ഐ എൻ.എ. ഭടന്മാരോട് നടത്തിയ പ്രസംഗത്തിൽ സുഭാഷ് ചന്ദ്രബോസ് ഇപ്രകാരം പറഞ്ഞു.' "എനിക്ക് രക്തം തരൂ ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം." കണ്ടില്ലേ ഇവരുടെ വാക്കുകളിൽ കഴമ്പുണ്ട്. സ്വദേശത്തിന്റെ കണ്ണീരിനുള്ള ഉത്തരമുണ്ട്. ഇവരെ ഒക്കെ നാം നന്ദി പൂർവ്വം ഓർക്കണം. ഇവരുടെ ജീവിതം മുഴുവന്റെയും വിലയാണ് നാം ഇപ്പോൾ അനുഭവിക്കുന്ന സ്വാതന്ത്ര്യം.

സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അർഥം നാം മനസ്സിലാക്കണം. അപരനെ കാരുണ്യത്തിന്റെ കണ്ണുകളിലൂടെ നോക്കുവാനും സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുവാനും ഒരുവൻ തയ്യാറെടുക്കുമ്പോൾ നമുക്ക് പറയാം അവൻ സ്വാതന്ത്ര്യത്തിലേക്ക് കാലുകൾ എടുത്തുവച്ചുവെന്ന്. തുറവിയുള്ള മനസ്സിനുടമ സ്വാതന്ത്ര്യത്തിലാണ് ജീവിക്കുന്നത്. നമുക്ക് തുറവിയുള്ളവരാകാം, നമ്മുടെ ഭാരതാംബയെ പോലെ ആര് വന്നാലും അവരെ സ്വീകരിക്കുവാനും അംഗീകരിക്കുവാനുമുള്ള ഒരു മനസ്സ് നമുക്ക് വാർത്തെടുക്കാം. അതിനു നാം എളിമപ്പെടണം. നമ്മുടെ കുറവുകളെ അംഗീകരിക്കണം.

74-ാം സ്വാതന്ത്ര്യദിനം പുതിയ ഒരു ഉണർവ്വിലേക്കുള്ള ആഹ്വാനമാവട്ടെ എന്ന് ആശംസിക്കുന്നു.

## മതബോധനരംഗം

## 2019 – 20 വർഷത്തിൽ മോറൽ സയൻസ് രൂപത മത്സരപരീക്ഷയിൽ സമ്മാനാർഹരായവർ

**മലയാളം –STD IV**

| | |
|---|---|
| ക്രിസ്റ്റീന റെയ്ച്ചൽ മധു, മൗണ്ട്കാർമൽ എ.വി.എൽ.പി.എസ്. കഞ്ഞിക്കുഴി. | Ist |
| അൽഫോൻസാ ജോസ്, സെന്റ് പോൾസ് ജി.എച്ച്.എസ്. വെട്ടിമുകൾ. | IInd |
| ഹന്നാറോസ് രാജേഷ്, സെന്റ് ജോസഫ്സ് എൽ.പി.എസ്. മുണ്ടക്കയം | IIIrd |

**STD V**

| | |
|---|---|
| ഷെറീൻ മറിയം ചാക്കോ, റെജീനമുന്തി ഇ.എം.എസ്. തിരുവല്ല. | Ist |
| മാരിയറ്റ് സണ്ണി, സെന്റ് മേരീസ് യു.പി. എസ്. വാഴൂർ | IInd |
| ആതിര പ്രദീപ്, മൗണ്ട്കാർമൽ ജി.എച്ച്.എസ്. കഞ്ഞിക്കുഴി. | IIIrd |

**STD VI**

| | |
|---|---|
| അപർണ്ണാസുനിൽ, ഹോളിക്രോസ്, എച്ച്.എസ്. തെള്ളകം. | Ist |
| ശ്രീലക്ഷ്മി, സെന്റ് പോൾസ് ജി.എച്ച്.എസ്. വെട്ടിമുകൾ | IInd |
| സെമീറ മഞ്ചു ചെറിയാൻ, ഹോളിക്രോസ് വിദ്യാസദൻ തെള്ളകം. | |
| പവിത്ര ആർ, മൗണ്ട്കാർമ്മൽ ജി.എച്ച്.എസ്. കഞ്ഞിക്കുഴി | IIIrd |

**STD VII**

| | |
|---|---|
| ആവണികൃഷ്ണ കെ.അജി, സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. മുണ്ടക്കയം | Ist |
| ലിസ് മരിയ തോമസ്, സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. മുണ്ടക്കയം | IInd |
| അമൃത ഷാജി, സി.കെ.വി.എച്ച്.എസ്.എസ്. വെള്ളിയാമറ്റം | IIIrd |

**STD VIII**

| | |
|---|---|
| സനാ സ്റ്റീഫൻ, ഹോളി ക്രോസ് എച്ച്.എസ്.എസ്. തെള്ളകം | Ist |
| ലക്ഷ്മിപ്രിയ, മൗണ്ട്കാർമൽ ജി.എച്ച്.എസ്. കഞ്ഞിക്കുഴി. | IInd |
| അഞ്ജന സോമൻ, സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. മുണ്ടക്കയം | IIIrd |

**STD IX**

| | |
|---|---|
| അമിത ടോണി, സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. മുണ്ടക്കയം | Ist |
| ബി. വിഷ്ണുമായ, മൗണ്ട്കാർമൽ ജി.എച്ച്.എസ്. കഞ്ഞിക്കുഴി. | IInd |
| സോണിയ കുര്യൻ, സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. വെട്ടിമുകൾ | IIIrd |

**STD X**

| | |
|---|---|
| ആൻമരിയ ജോസഫ്, സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. മുണ്ടക്കയം | Ist |
| നികിത രാജീവ്, സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. മുണ്ടക്കയം | IInd |
| അന്ന റോസ് തോമസ്, സെന്റ് പോൾസ് ജി.എച്ച്.എസ്. വെട്ടിമുകൾ | IIIrd |

**STD XI**

| | |
|---|---|
| ദിയ ജിയോ, ഹോളി ഫാമിലി എച്ച്.എസ്.എസ്. കോട്ടയം | Ist |
| അശ്വതി ബിജു, സെന്റ് ജോസഫ്സ് സി.ജി.എച്ച്.എസ്. എസ്. കോട്ടയം | IInd |
| സൗമ്യ ജെ, സെന്റ് ജോസഫ്സ് സി.ജി. എച്ച്.എസ്. എസ്. കോട്ടയം | IIIrd |

**ഇംഗ്ലീഷ് –STD IV**

| | |
|---|---|
| ആരിഫ് മുഹമ്മദ്ഷാൻ, മൗണ്ട്കാർമൽ വിദ്യാനികേതൻ, കോട്ടയം | Ist |
| ഗൗരിപ്രിയ. ജെ.,മൗണ്ട്കാർമ്മൽ വിദ്യാനികേതൻ, കോട്ടയം. | IInd |
| നവമി കൃഷ്ണ, അമലാംബിക ഇ.എം.എസ്. തേക്കടി | IInd |
| സായിശ്രുതി എം., മൗണ്ട്കാർമ്മൽ വിദ്യാനികേതൻ, കോട്ടയം. | IIIrd |

**STD V**

| | |
|---|---|
| നവീന ജെ., അമലാംബിക ഇ.എം.എസ്. തേക്കടി | Ist |
| അനു സൂസൻ തോമസ്, മൗണ്ട്കാർമ്മൽ വിദ്യാനികേതൻ, കോട്ടയം. | IInd |
| ഇവ സാറാ, മൗണ്ട്കാർമ്മൽ വിദ്യാനികേതൻ, കോട്ടയം. | IIIrd |

**STD VI**

| | |
|---|---|
| ഭദ്രാ പി. നായർ, അമലാംബിക ഇ.എം.എസ്. തേക്കടി | Ist |
| അഭിരാമി റ്റി.ആർ., അമലാംബിക ഇ.എം.എസ്. തേക്കടി | IInd |
| നിതാ നാസർ, മൗണ്ട്കാർമ്മൽ വിദ്യാനികേതൻ, കോട്ടയം. | IIIrd |

**STD VII**

| | |
|---|---|
| നന്ദന സാറാ ഷൈജു, അമലാംബിക ഇ.എം.എസ്. തേക്കടി | Ist |
| വൈഷ്ണവി സുധീപ്, മൗണ്ട്കാർമ്മൽ വിദ്യാനികേതൻ, കോട്ടയം. | IInd |
| അതുല്യ പ്രവീൺ, മൗണ്ട്കാർമ്മൽ വിദ്യാനികേതൻ, കോട്ടയം. | IIIrd |

**STD VIII**

| | |
|---|---|
| അക്ഷയ് രധീഷ്, അമലാംബിക ഇ.എം.എസ്. തേക്കടി | Ist |
| മരിയ ജോസഫ്, അമലാംബിക ഇ.എം.എസ്. തേക്കടി | IInd |
| എം. പൂജ, അമലാംബിക ഇ.എം.എസ്. തേക്കടി | IIIrd |

**STD IX**

| | |
|---|---|
| മിന്റാ ഷാജൻ, അമലാംബിക ഇ.എം.എസ്. തേക്കടി | Ist |
| അഥീന ബാലു, അമലാംബിക ഇ.എം.എസ്. തേക്കടി | IInd |
| അമൃത എം., സെന്റ് പയസ് X ഇ.എം.എസ്. കുട്ടിക്കാനം | IIIrd |

**തമിഴ് – STD IV**

| | |
|---|---|
| പൂജശ്രീ എസ്, എഫ്.എം.എൽ.പി.എസ്, ചിന്നക്കനാൽ | Ist |
| മാനസി, എഫ്.എം.എൽ.പി.എസ്, ചിന്നക്കനാൽ | |
| മെർഷ ആർ, എഫ്.എം.എൽ.പി.എസ്, ചിന്നക്കനാൽ | |
| വാൻഷിക ഐറിൻ എസ്., എൽ.എഫ്.ജി.എച്ച്.എസ്, മൂന്നാർ | |
| ശാലികശ്രീ. എസ്., എൽ.എഫ്.ജി.എച്ച്.എസ്, മൂന്നാർ | |
| ബ്ലെസ്സി പി., എൽ.എഫ്.ജി.എച്ച്.എസ്, മൂന്നാർ. | |
| കാർത്തിക ആർ., എൽ.എഫ്.ജി.എച്ച്.എസ്, മൂന്നാർ | IInd |
| അഖിലേഷ്, സെന്റ് മേരീസ് എൽ.പി.എസ്. മറയൂർ | |
| മണികണ്ഠൻ ജെ., സെന്റ് മേരീസ് എൽ.പി.എസ്. മറയൂർ | IIIrd |

| | | |
|---|---|---|
| **STD V** | | |
| ജെറീസൺ ആന്റണി, എൽ.എഫ്.ജി.എച്ച്.എസ്. മൂന്നാർ | Ist |
| ഷാർമിള എം., എൽ.എഫ്.ജി.എച്ച്.എസ്. മൂന്നാർ | IInd |
| അക്ഷയ വി., എൽ.എഫ്.ജി.എച്ച്.എസ്. മൂന്നാർ | IInd |
| **STD VI** | |
| അഖിൽകുമാർ, എൽ.എഫ്.ജി.എച്ച്.എസ്. മൂന്നാർ | Ist |
| **STD VII** | |
| നിരഞ്ജ്ന ജെ., എൽ.എഫ്.ജി.എച്ച്.എസ്. മൂന്നാർ | Ist |
| അഭിരാമി എം., എൽ.എഫ്.ജി.എച്ച്.എസ്. മൂന്നാർ | IInd |
| ദയ കെ., എൽ.എഫ്.ജി.എച്ച്.എസ്. മൂന്നാർ | IIIrd |
| **STD IX** | |
| അലീന മെറിൻ എ., എൽ.എഫ്.ജി.എച്ച്.എസ്. മൂന്നാർ | Ist |
| അനില ഷെറിൻ എ., എൽ.എഫ്.ജി.എച്ച്.എസ്. മൂന്നാർ | IInd |
| ധന്യശ്രീ പി. എൽ.എഫ്.ജി.എച്ച്.എസ്. മൂന്നാർ | IIIrd |
| **STD X** | |
| പ്രിയദർശിനി വി., എൽ.എഫ്.ജി.എച്ച്.എസ്. മൂന്നാർ | Ist |

## വിജയപുരം രൂപത മതബോധനകേന്ദ്രം നടത്തിയ മലയാളം സമ്പൂർണ്ണ ബൈബിൾ ക്വിസ് മത്സരത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച അധ്യാപകർ.

1. ബെറ്റ്സി മേരി റ്റി. ഡാമിയൻ തിരുവല്ല
2. ദിവ്യ തോമസ് വാഴൂർ
3. ലിജോ ജോസ് പെരുമ്പാവൂർ
4. ബ്രിജിറ്റ് ജോസ്, പെരുമ്പാവൂർ
5. പി.എ. വർഗീസ് മൂന്നാർ
6. അന്നമ്മ ജോർജ്ജ്, ചപ്പാത്ത്
7. അനു ജേക്കബ്, വാഴൂർ
8. ഡാമിയൻ റ്റി. വർഗ്ഗീസ് തിരുവല്ല
9. ആൻസി ബിജു പയസ് നഗർ
10. ജാസ് മേരി ദേവദാസ്, പാമ്പനാർ

### മേഖലാതലത്തിൽ കൂടുതൽ മാർക്ക് ലഭിച്ച മതബോധന വിദ്യാർത്ഥികൾ

കോട്ടയം : മരിയ ട്രീസ്സ, കോട്ടയം, ആൽവിൻ സെബാസ്റ്റ്യൻ, കോട്ടയം, നോയൽ ഷോബി കോട്ടയം.

പട്ടിത്താനം: ജോസഫ് യോഹന്നാൻ പൊതി, അബിൻ ഡെന്നീസ്, വെട്ടിമുകൾ, സാവിയോ സണ്ണി ഇലയ്ക്കാട്.

തിരുവല്ല: ഡാൽഫൻ ജോർജ് പൂവം, നോറാ ട്രീസാ ലോബോ ചങ്ങനാശ്ശേരി, കിരൺ ട്രീസ്സാ തോമസ് ചങ്ങനാശ്ശേരി.

മുണ്ടക്കയം: അസിൻ കെ. എം. പ്രൊപ്പോസ്, ജിബിൻ ബിനു പ്രൊപ്പോസ്, ജിൻസാമരിയ ജോയിസൺ വാഴൂർ.

മൂന്നാർ: ലക്സൺ ബാബു, പള്ളിവാസൽ, സെബിൻ കെ. സണ്ണോ മൂന്നാർ, അശ്വതി സിജു മൂന്നാർ.

മറയൂർ: മാനുവൽ സെബാസ്റ്റ്യൻ കാന്തല്ലൂർ, റ്റോഷ് ആന്റണി മറയൂർ, ശ്രേയ സുനിൽ തലയാർ

പീരുമേട് : സാൻഡ്രിയ ബി. മരിയ ചപ്പാത്ത്, സയന ബി. മരിയ ചപ്പാത്ത്, ലിഷ ഷാജി കുമളി

മൂവാറ്റുപുഴ: നേഹാ മരിയ പെരുമ്പാവൂർ, അലീന ബി. മേടയിൽ പെരുമ്പാവൂർ, ലിയോണ ഷിജു നെടുങ്ങപ്ര.

**ഏറ്റവും ആദ്യം ഉത്തരം നൽകിയ അധ്യാപകനും വിദ്യാർത്ഥിയും.**

ചാൾസ് സി.എസ്., പെരുമ്പാവൂർ

അബിൻ ഡെന്നീസ്, വെട്ടിമുകൾ.

**തമിഴ് സമ്പൂർണ്ണ ബൈബിൾ ക്വിസിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച അധ്യാപകർ**

1. റവ.സി. സാൽബിൻ ഹേമ, മൂന്നാർ
2. ഡി. സെൽവം, വണ്ടിപെരിയാർ
3. റവ.സി. സെബാസ്ത്തി ശാന്തി, കാന്തല്ലൂർ
4. ജാൻസി വർഗീസ്, കുമളി
5. റെജീന ഫ്രാൻസീസ്, ദിണ്ഡിക്കൊമ്പ്

**ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മതബോധന വിദ്യാർത്ഥികൾ**

**മൂന്നാർ മേഖല**

ജോയേൽ റോബിൻസ്, മൂന്നാർ, ബിജു ലോറൻസ്, പള്ളിവാസൽ
നൗഫിയ മിസ്റ്റി, ചിന്നക്കനാൽ

**പീരുമേട് മേഖല**

അന്റോലിന സ്വീറ്റ്ലിൻ, കുമളി, റെയ്മൺഡ്, കുമളി
ഫെയോന മിസ്റ്റിക, പാമ്പനാർ

**മറയൂർ മേഖല**

അൽഫോൻസ, പയസ്നഗർ, അനീറ്റ, പയസ്നഗർ.

**സമ്പൂർണ്ണ ബൈബിൾ ക്വിസ് മത്സരം മലയാളം വിഭാഗത്തിൽ 610 അധ്യാപകരും 746 വിദ്യാർത്ഥികളും പങ്കെടുത്തു. തമിഴ് വിഭാഗത്തിൽ 162 പേർ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും കൃതജ്ഞതയും സമ്മാനാർഹരായവർക്ക് അഭിനന്ദനങ്ങളും.**

**ഏറ്റവും കുടൂതൽ അധ്യാപകരെയും കുട്ടികളെയും പങ്കെടുപ്പിച്ച കുമളി ഇടവക വികാരിക്കും പിറ്റി.എ. യ്ക്കും അഭിനന്ദനങ്ങൾ.**

## ഓൺലൈൻ ക്ലാസുകൾ

ഗുഡ്ന്യൂസ് ടി.വിയിൽ നടത്തുന്ന ഓൺലൈൻ ക്ലാസുകൾ കുട്ടികൾക്ക് ലഭിക്കുന്നു എന്നുറപ്പുവരുത്തുക.

Jeeva News എന്ന യൂടൂബ് ചാനൽ സബ്സ്ക്രൈബ് ചെയ്താൽ എല്ലാ ക്ലാസുകളും ലഭിക്കുന്നതായിരിക്കും.

https://wwwyoutube.com/channel/UCEJAsaHiSRwDtVmF0ViKibA

കുട്ടികൾക്ക് പാഠപുസ്തകം വാങ്ങിനൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

*- കോട്ടയ്ക്കാട്ട് വർഗ്ഗീസച്ചൻ, രൂപത മതബോധന ഡയറക്ടർ*

# വി.എസ്.എസ്.എസ്. വാർത്തകൾ

## സാമൂഹിക ഇടപെടലുകളിൽ ഡെന്നീസച്ചൻ



8 വർഷക്കാലം വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അമരക്കാരനായിരുന്ന ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ സ്ഥാനമൊഴിയുകയാണ്. സാമൂഹ്യ പ്രവർത്തനത്തിന്റെ കാഴ്ചപ്പാടിലും രീതിശാസ്ത്രത്തിലും ലോകത്ത് പൊതുവേ മാറ്റമുണ്ടായ കാലഘട്ടത്തിൽ 2012 ഓഗസ്റ്റ് മാസം 18 -നാണ് ഡയറക്ടറായി അദ്ദേഹം ചുമതലയേൽക്കുന്നത്. മാറ്റങ്ങളെ ഉൾക്കൊള്ളുകയും അവയെ നമ്മുടെ സാഹചര്യങ്ങൾക്കനുസരിച്ച് ക്രമപ്പെടുത്തുകയും ചെയ്ത അദ്ദേഹം ധീരമായ നേതൃത്വമാണ് സൊസൈറ്റിക്കു നൽകിയത്.

അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തേച്ചേരിൽ പിതാവിന്റെ 'കുടിൽ രഹിത രൂപത' എന്ന സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനായി പിതാവ് നിയോഗിച്ചത് വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയെയാണ്. സ്വദേശത്തും വിദേശത്തുമുള്ള ഉപകാരികൾ വിശേഷിച്ച് ഇറ്റലിയിലെ ബിഷപ്പുമാരുടെ കൂട്ടായ്മ, രൂപതാ വൈദികർ, സന്യസ്തർ, രൂപതാംഗങ്ങൾ എന്നിവരിലൂടെയും കേരള സർക്കാരിന്റെ ഭവന നിർമ്മാണ ബോർഡിന്റെയും സഹായ സഹകരണത്തോടെ 554 വീടുകളാണ് ഭവനരഹിതർക്കായി ഇത്തരത്തിൽ നിർമ്മിച്ചു നൽകിയത്. ഇതോടൊപ്പം വാസയോഗ്യമല്ലാതിരുന്ന 177 വീടുകളുടെ അറ്റകുറ്റപ്പണികളും പൂർത്തിയാക്കി നൽകി. ഇവയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതു മുതൽ വീടുപണി പൂർത്തിയാകുന്ന ഘട്ടംവരെയുള്ള ഡെന്നീസച്ചന്റെ കൃത്യമായ ഇടപെടൽ പദ്ധതി കുറ്റമറ്റതാക്കുന്നതിൽ വഹിച്ച പങ്ക് ചെറുതല്ല. പതിമൂന്നു കോടി തൊണ്ണൂറുലക്ഷത്തി മുപ്പതിനായിരത്തി പതിനൊന്ന് രൂപ ഈ ഇനത്തിൽ ചെലവഴിച്ചു.

2015 ലാണ് ലോകത്തെ ഞെട്ടിച്ച നേപ്പാൾ ഭൂചലനം. ദുരന്തബാധിതരെ സഹായിക്കുവാൻ ലോക സമൂഹത്തോടൊപ്പം വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മുന്നിട്ടിറങ്ങി. കോട്ടയം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ച റോഡ് ഷോ വഴി 4 ലക്ഷം രൂപയാണ് പൊതുജനങ്ങളിൽ നിന്ന് സമാഹരിച്ച് സംസ്ഥാന സർക്കാരിന് കൈമാറാനായത്.

ഇക്കാലയളവിൽ നാട് നേരിട്ട അസാധാരണ സാഹചര്യങ്ങളിലെല്ലാം സൊസൈറ്റി കൃത്യമായ ഇടപെടൽ നടത്തിയിരുന്നു. 2018-ലെ മഹാപ്രളയകാലത്തും രൂപതയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത് വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ്. വിവിധ രൂപതകൾ, പ്രസ്ഥാനങ്ങൾ, വ്യക്തികൾ എന്നിവർ വഴി സ്വരൂപിച്ച 2 കോടി രൂപയുടെ ആശ്വാസപ്രവർത്തനങ്ങളാണ് ഇക്കാലത്ത് നടത്തിയത്. ഇടവ

കകൾ കേന്ദ്രീകരിച്ച് ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ ജീവൻരക്ഷാ ഔഷധങ്ങൾ എന്നിവ എത്തിച്ചു നൽകി. ഇതിനു പുറമേ പതിനേഴു ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി മുന്നൂറ്റിയാറുരൂപയുടെ ഭക്ഷ്യധാന്യകിറ്റുകളും വിതരണം ചെയ്തു. കോട്ടയം നഗരസഭയുമായി സഹകരിച്ച് ദുരിതാശ്വാസ കേന്ദ്രങ്ങളിൽ സഹായമെത്തിക്കാനും കഴിഞ്ഞു. മാത്രമല്ല സൊസൈറ്റിയുടെ കേന്ദ്രഓഫീസ് സമുച്ചയത്തിൽ ഒരു ദുരിതാശ്വാസ കേന്ദ്രവും തുറന്നു. പ്രളയത്തിൽ ഭാഗികമായ നാശനഷ്ടങ്ങൾ നേരിട്ട്, വാസയോഗ്യമല്ലാതിരുന്ന 50 വീടുകളുടെ പുനരുദ്ധാരണത്തിനായി 45000/ രൂപവീതം നൽകി. ജീവനോപാധികൾ നഷ്ടമായവർക്ക് ആടുമാടുകൾ, കോഴി, തുന്നൽയന്ത്രം എന്നിവയും, പഠനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അവയും സൊസൈറ്റി നൽകി. ഉപയോഗയോഗ്യമല്ലാതായ കിണറുകൾ വൃത്തിയാക്കുന്നതിനും വെള്ളം പരിശോധിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകി. കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലുമായി 100 ശുചിമുറികളാണ് പ്രളയാനന്തരം നിർമിച്ചു നൽകിയത്. എൽ.പി.ജി. അടുപ്പുകളും, പ്രഷർകുക്കർ തുടങ്ങി അടുക്കള പാത്രങ്ങളും നഷ്ടപ്പെട്ടവർക്ക് അവ എത്തിച്ചു കൊടുത്തു.

2019-ൽ കോഴിക്കോട്, മലപ്പുറം ജില്ലകളുടെ മലയോര മേഖലകളിൽ ഉരുൾപ്പൊട്ടലിലും മലവെള്ളപ്പാച്ചിലിലും നാശനഷ്ടങ്ങൾക്കിരയായവർക്ക് രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും വ്യക്തികളിൽ നിന്നും സമാഹരിച്ച 35 ലക്ഷം രൂപയുടെ ഭക്ഷ്യവസ്തുക്കൾ, മരുന്ന്, വസ്ത്രങ്ങൾ എന്നിവ കോഴിക്കോട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മലപ്പുറം മേഖലാ ഓഫീസിൽ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ നേരിട്ട് എത്തിച്ചു നൽകി. 2016-ൽ കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ തുടങ്ങിവച്ച കാൻസർ സാന്ത്വന പദ്ധതിയായ ആശാകിരണം കാൻസർ ബാധിതരായ അനേകർക്ക് ആശ്വാസമായിട്ടുണ്ട്. ബോധവത്ക്കരണ ക്ലാസുകൾ, ധനസമാഹരണം എന്നിവയടക്കമുള്ള പ്രവർത്തനങ്ങൾക്ക് സന്നദ്ധപ്രവർത്തകരുടെ ഒരു കൂട്ടായ്മയും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. മുന്തിയ പരിഗണന അർഹിക്കുന്നവർക്ക് സാദ്ധ്യമായ സാമ്പത്തിക സഹായം നൽകാൻ ഇതുവഴി സാധിക്കുന്നു. കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ മേഖല ഉൾപ്പെടുന്ന അപ്പർ കുട്ടനാട്ടിൽ കാൻസറിന്റെ സാന്നിദ്ധ്യം ഏറെയാണെന്ന മാധ്യമ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ജില്ലാ ആരോഗ്യവകുപ്പിന്റെകൂടി സഹകരണത്തോടെ കോട്ടയം മുതൽ അപ്പർ കുട്ടനാട്ടിലൂടെ കുമരകം വരെ നീണ്ട ഒരു ജല സന്ദേശ ബോധവത്ക്കരണറാലി ബഹു ഡെന്നീസച്ചൻ ക്യാപ്റ്റനായി സംഘടിപ്പിക്കപ്പെട്ടു. പ്രദേശവാസികളും, ജനപ്രതിനിധികളുമുൾപ്പെടെ വലിയൊരു വിഭാഗം സ്വാഗതം ചെയ്യുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്ത ഈ ബോധവത്ക്കരണറാലി ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ആരോഗ്യവകുപ്പിലെ വിദഗ്ദ്ധർ ക്ലാസുകൾ നൽകിയ ഈ പ്രചരണയാത്രയെ കുമരകത്ത് അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് അഭിസംബോധന ചെയ്തു.

സ്വാഭാവിക കൃഷി പ്രോത്സാഹനമാണ് എടുത്തുപറയേണ്ട മറ്റൊന്ന്. വീഷെയർ, ആശാകിരണം, സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ അടുക്കളത്തോട്ടങ്ങളുൾപ്പെടെയുള്ള കൃഷി സംരംഭങ്ങളിൽ ഏർപ്പെടുന്നവർ ധാരാളമുണ്ട്. സൊസൈറ്റിയുടെ കുടുംബക്ഷേമപദ്ധതി വീ-ഷെയർ, ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനുള്ള റിഹാ

സ്വിസ് എന്നിവയുടെ ഗുണഭോക്താക്കളെ പദ്ധതി ഒരു ധനാഗമമാർഗ്ഗമായി കാണാതെ തങ്ങളുടെ തന്നെ സ്വയം പര്യാപ്തതയ്ക്കുപയുക്തമാക്കും വിധം വിവിധ തൊഴിൽ സംരംഭങ്ങളിലിടപ്പെടാൻ പ്രോത്സാഹിപ്പിച്ചു. ഇതു പ്രകാരം ആടുവളർത്തൽ, തയ്യൽ, ലോട്ടറി, ചെറുകിട കച്ചവടം. ചില്ലറമത്സ്യവില്പന, പാചകം എന്നീ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരുടെ സംഖ്യ വലുതാണ്. ജീവിത നിലവാരം മെച്ചപ്പെടുത്താനും ക്രമപ്പെടുത്താനും സഹായിക്കുന്ന കുടുംബസമീക്ഷ (Family Budget) ഇവർ തയ്യാറാക്കുന്നുണ്ട്. ചെലവിന്റെ ആക്രമണത്തിൽ നിന്നും വരവിനെ രക്ഷിച്ചെടുക്കുവാൻ ഇത് ഇവരെ സഹായിക്കുന്നു. പാരമ്പര്യേതര ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി സോളാർ വിളക്കുകളും, പരിസര ശുചീകരണം കൂടി ലക്ഷ്യംവച്ച് ശുചിത്വമിഷനുമായി സഹകരിച്ച് ബയോഗ്യാസ് പ്ലാന്റുകളും പ്രചരിപ്പിച്ചു. നിർമ്മാണം, തയ്യൽ, മത്സ്യബന്ധനം, കശുവണ്ടി, തോട്ടം തുടങ്ങിയ മേഖലകളിലും മറ്റ് അസംഘടിത മേഖലകളിലുമുള്ളവരുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുവാനും കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ക്ഷേമപദ്ധതികളെക്കുറിച്ചറിവു നൽകാനും ലക്ഷ്യമിട്ടുള്ള കേരള ലേബർ മൂവ്മെന്റ് ഡെന്നീസച്ചന്റെ നേതൃത്വത്തിൽ സജീവമായ ഇടപെടലുകൾ നടത്തിവരുന്നു. സൊസൈറ്റിയുടെ കേന്ദ്രഓഫീസിലും യൂണിറ്റുകളിലുമുള്ള ജീവനക്കാർ, ആനിമേറ്റർമാർ എന്നിവരുൾപ്പെടെ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന 300 പേർ സജീവാംഗങ്ങളായി പദ്ധതിയിൽ തുടരുന്നു. ഇവരിൽ പലർക്കും ചികിത്സ, വിവാഹം, വിദ്യാഭ്യാസം, പ്രസവം തുടങ്ങിയ ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. കോവിഡ് ദുരിതാശ്വാസമായി 200 കുടുംബങ്ങൾക്ക് 1000/- രൂപവീതം ലഭ്യമാക്കാനും കഴിഞ്ഞു. സൊസൈറ്റിയുടെ ഘടനാപരവും, ഭരണപരവുമായ കെട്ടുറപ്പിന് സഹായകമാകുന്ന ജനകീയ വികസന സമിതികൾ സജ്ജമാക്കുന്നതിൽ പ്രത്യേകശ്രദ്ധ ഇക്കാലത്തുണ്ടായി. സംഘപ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതും, വരുമാന വർദ്ധക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനുതകുന്നതുമായ പരസ്പര ജാമ്യ സമിതി (JLG)കൾ രൂപീകരിക്കപ്പെട്ടുവരുന്നു. 10000/- രൂപവരെയുള്ള വായ്പകൾ ഇതുവഴി ചെറിയ ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് ലഭിക്കുന്നു.

ഇന്ന് കൊറോണക്കാലത്തും സൊസൈറ്റി അതിന്റെ സാമൂഹ്യ പ്രതിബദ്ധത വിളിച്ചറിയിച്ചിട്ടുണ്ട്. ലോക്ഡൗൺ കാലത്ത് വീടുകളിൽ ഒറ്റപ്പെട്ടുപോയവർ, നിരീക്ഷണത്തിലുള്ളവർ തൊഴിൽ രഹിതർ തുടങ്ങിയവർക്ക് സഹായമെത്തിക്കുന്നതിൽ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ വലിയ ഇടപെടലുകളാണ് സൊസൈറ്റി നടത്തിയത്. ആരോഗ്യ വകുപ്പിന്റെ ജില്ലാതല പ്രതിരോധ പ്രവർത്തനങ്ങളോട് സഹകരിച്ചുകൊണ്ട് സാനിറ്റൈസർ, മാസ്ക് എന്നിവ നിർമ്മിച്ചു വിതരണം ചെയ്തു ബോധവത്ക്കരണത്തിനായി പോസ്റ്ററുകൾ, ഫലകങ്ങൾ എന്നിവ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിച്ചു. കമ്മ്യൂണിറ്റി കിച്ചനുകളുടെ പ്രവർത്തനത്തിലും സന്നദ്ധസേനാ രൂപീകരണത്തിലും സർക്കാർ വകുപ്പുകളുമായി സഹകരിച്ചു.

ഏറ്റവുമൊടുവിൽ പുതിയ ലോക സാഹചര്യത്തിൽ വാർത്താവിനിമയരംഗത്തും, അതുവഴി ആശയ വിനിമയരംഗത്തുമുണ്ടായ മാറ്റങ്ങളുൾക്കൊണ്ട് വിവര സാങ്കേതിക വിദ്യയുടെ നൂതനരീതികളും സങ്കേതങ്ങളും ഓഫീസ് സ്റ്റാഫിനും, ആനിമേറ്റർമാർക്കും പരിചയപ്പെടുത്തുവാനായി പരിശീലനപരിപാടികളും സംഘടിപ്പിച്ചുവരുന്നു. വെല്ലുവിളികളുടേതായ കഴിഞ്ഞ കാലഘട്ടത്തിൽ ധീരമായ ഒരു നായകത്വമാണ് ഡെന്നീസച്ചനിലൂടെ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് ലഭിച്ചതെന്നതിൽ തർക്കമില്ല.

# പഠന ശിബിരം



വിജയപുരംസോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തകർക്കായി കത്തോലിക്കാ സഭയുടെ സാമൂഹ്യ പ്രവർത്തനത്തിന്റെ അടിസ്ഥാന തത്വങ്ങളെക്കുറിച്ച് പഠന ശിബിരം നടത്തി. സൊസൈറ്റിയുടെ അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ.അഗസ്റ്റിൻ മേച്ചേരിൽ സ്വാഗതം ആശംസിച്ചു സംസാരിച്ചു. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തകർ സാധാരണ സാമൂഹ്യ പ്രവർത്തകരിൽ നിന്നും വിഭിന്നരാണ്. സഭ എന്തിനുവേണ്ടി നിലകൊള്ളുന്നുവോഅതു തന്നെയാണ് വിജയപുരം രൂപതയുടെയും, അതുവഴി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും നിലനിൽപിനാധാരം. സുവിശേഷം പ്രഘോഷിക്കുക. അതായത് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ മനുഷ്യർക്ക് നല്ല വാർത്ത ആയിരിക്കണം. ഈ അർത്ഥത്തിൽ സൊസൈറ്റിയുടെ പ്രവർത്തകർ സഭയുടെ മിഷനറിമാരാണ്. അയക്കപ്പെട്ട ശിഷ്യന്മാരെപ്പോലെ അയക്കപ്പെടുന്നവർ. ഇന്നത്തെ പഠന ശിബിരത്തിനു കാരണവും ഇതുതന്നെയാണ്.

തുടർന്നു നടന്ന ചർച്ചകൾക്ക് കേരളാസോഷ്യൽ സർവ്വീസ് ഫോറംഎക്സിക്യൂട്ടീവ്ഡയറക്ടർ ഫാ.ജേക്കബ് മാവുങ്കൽ, പ്രോഗ്രാംഓഫീസർ ശ്രീ പി.ജെ.വർക്കി, പ്രോഗ്രാംമാനേജർ സിസ്റ്റർജെസ്സീനാ എന്നിവർ നേതൃത്വം നൽകി.

കത്തോലിക്കാ സഭയുടെസാമൂഹ്യ പ്രവർത്തനത്തിന് അതിന്റേതായശൈലിയുണ്ട്, ലക്ഷ്യമുണ്ട്, പ്രേരക ഘടകങ്ങളുണ്ട്.. തന്റെ രൂപവുംസാദൃശ്യവും നൽകി മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ആ രൂപവുംസാദൃശ്യവും നിലനിർത്തണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. എന്നാൽ മനുഷ്യന്റെ തെറ്റായ ഇടപെടൽ വഴി പലർക്കും ഈ രൂപവുംസാദൃശ്യവും നഷ്ടപ്പെട്ടു. നഷ്ടപ്പെട്ട ഈ അവസ്ഥ പുനഃസ്ഥാപിക്കുവാൻ അവിടുന്നു പ്രവാചകന്മാർവഴി ഇടപെട്ടു. അവസാനം തന്റെ സുതനായയേശുക്രിസ്തുവഴി ഇടപെട്ടു. നഷ്ടങ്ങൾ നികത്തുവാൻ, ജീവന്റെ സമൃദ്ധി ഉണ്ടാകുവാൻ പ്രവർത്തിച്ചു. മനുഷ്യനെ സംബന്ധിച്ചിടത്തോളംഇതെല്ലാംദൈവത്തിന്റെസദ്വാർത്തയായിരുന്നു. അപ്പോൾ നമ്മെ സംബന്ധിച്ചുംസാമൂഹ്യ പ്രവർത്തനമെന്നത് വിമോചനത്തിന്റെ, വളർച്ചയുടെ സദ്വാർത്ത അറിയിക്കുകയും അനുഭവവേദ്യമാക്കുകയുംചെയ്യുകയാണ്.

മനുഷ്യമഹത്വത്തിനുകോട്ടം സംഭവിച്ചപ്പോഴൊക്കെ സഭ ഇടപെട്ടുകൊണ്ട് പ്രബോധനം നൽകിയിട്ടുണ്ട്. 1891-ൽ ലെയോ 13-ാമൻ പാപ്പാഎഴുതിയ റേരും നൊവാരും മുതൽ 2015-ൽ ഫ്രാൻസിസ് പാപ്പാ നൽകിയ ലൗദാത്തോസി വരെയുള്ള പ്രബോധനങ്ങൾ സഭയുടെസാമൂഹിക പ്രതിബദ്ധതയുടെ പ്രായോഗികമായ നിദർശനങ്ങളാണ്.

സാമൂഹ്യ പ്രവർത്തനത്തിന്റെരീതിയും ശൈലിയും മാറുന്നതനുസരിച്ച് നാമും നമ്മുടെ രീതിയും ശൈലിയും മാറ്റേണ്ടിയിരിക്കുന്നു. കാരണം കാലത്തിന്റെ ചുവരെഴുത്തുകൾ പഠിച്ച് നിത്യ നൂതനമാകുകവഴിയാണ്സഭയ്ക്കു ലോകത്തിലുള്ള പ്രസക്തി പ്രകടമാകുന്നത്. ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻസമിതി കാരിത്താസ് ഇന്ത്യവഴി സാമൂഹ്യ പ്രവർത്തനത്തിന് നാലുശൈലിവിശേഷങ്ങൾ ശുപാർശചെയ്തിട്ടുണ്ട്.

1. സ്വയംതിരിച്ചറിഞ്ഞ് അവകാശബോധത്തോടെയും സാമൂഹ്യ ഉത്തരവാദിത്വത്തോടുംകൂടി ജീവിക്കാൻ പര്യാപ്തമാക്കുന്ന Empowering Animation. ജനങ്ങൾ സാമൂഹ്യപ്രവർത്തനത്തിന്റെ കർത്താക്കളും ഗുണഭോക്താക്കളുമാകുകയും അതിനനുസരിച്ചുള്ള ജനകീയ പ്രസ്ഥാനങ്ങളുംസംവിധാനങ്ങളും രൂപപ്പെടുത്തിവികസനത്തിന്റെവക്താക്കളായിമാറുന്ന ശൈലി. ഇവിടെവികസനം സ്ഥായീഭാവംകൈവരിക്കുന്നു.

2. സംവാദം (Dialogue) ആരോഗ്യകരമായ സംവാദങ്ങളിലൂടെ പ്രശ്നങ്ങൾ പരിഹൃതമാകുകയുംവികസനം സുഗമമാകുകയുംചെയ്യുന്ന ശൈലി. ജനങ്ങളും ജനങ്ങളും തമ്മിൽ, ജനങ്ങളും സർക്കാരും തമ്മിൽ, ജനങ്ങളുംസേവനദാതാക്കളും തമ്മിൽ, ജനങ്ങളുംസാമൂഹ്യ പ്രസ്ഥാനങ്ങളും തമ്മിൽ, സാമൂഹ്യ പ്രസ്ഥാനങ്ങളും സർക്കാരും തമ്മിൽ ഒക്കെയുള്ള സംവാദംസ്ഥായിയായവികസനത്തിലേക്കു വഴിനയിക്കുന്നു. വികസന പ്രക്രിയയിൽവളരെ പ്രാധാന്യത്തോടെസാമൂഹ്യ പ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ട ഒന്നാണ്സംവാദം.

3. സന്നദ്ധ പ്രവർത്തനം (Voluntarism) വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി പോലുള്ള പ്രസ്ഥാനങ്ങൾക്ക് ജനങ്ങളുടെ നിലനിൽക്കുന്നതും സമ്പൂർണ്ണവുമായ പ്രാദേശികവികസന പ്രക്രിയയിൽ നീണ്ട കാലം ഇടപെടുക പലപ്പോഴും സാധിക്കുകയില്ല. ആകയാൽ സന്നദ്ധ പ്രവർത്തകർ വഴിയായിരിക്കുംഎക്കാലവുംവികസന ഇടപെടലുകൾ നടത്താൻ സാധിക്കുക. നമ്മെ സംബന്ധിച്ചും ഇടവകകളിൽ പ്രവർത്തിക്കുന്ന ജനകീയവികസന സമിതികൾ, ജനകീയ പ്രസ്ഥാനങ്ങൾ എന്നിവ പ്രവർത്തനക്ഷമമാകുകവഴിയേ ജനങ്ങളുടെ സ്ഥായിയായവികസനം സാദ്ധ്യമാകുകയുള്ളു.

4. പങ്കുവയ്ക്കുന്ന സമൂഹരൂപീകരണം/ പ്രാദേശികവിഭവസമാഹരണം (Sharing Community Mobilising Resources)

ആദിമ ക്രിസ്തീയസമൂഹത്തിൽ നിലനിന്നിരുന്ന സ്നേഹത്താൽ പ്രചോദിതമായ പങ്കുവയ്ക്കൽ, ആവശ്യക്കാരന് ആവശ്യ നിവൃത്തിവരുത്തുന്ന പ്രതിബദ്ധത. ഇതിനാവശ്യമായവിഭവങ്ങൾ പ്രാദേശികമായിത്തന്നെ സമാഹരിക്കാൻ സാധിക്കുന്ന ശൈലിയും മാനസികവിശാലതയുംരൂപപ്പെടുത്തണം. വിശുദ്ധ പൗലോസ് അപ്പോസ്തലൻ ക്ലേശമനുഭവിച്ചിരുന്ന സഭകൾക്കുവേണ്ടിമറ്റുസഭകളോടുഅഭ്യർത്ഥിച്ചുസഹായംഎത്തിച്ചുകൊടുത്തിരുന്നത് നമുക്കുമാതൃകയാണ്. ക്ലേശം അനുഭവിക്കുന്ന ഒരിടവകക്കുവേണ്ടി മറ്റിടവകകളോടു സഹായംതേടാനാകണം, അതു നൽകാനുള്ള ക്രിസ്തീയ ബാദ്ധ്യതയും ഉണ്ട്. വിഭവമെന്നു പറയു

മ്പോൾ വസ്തുക്കളും, പണവും, സമയവും, അറിവും, ബുദ്ധിയും, മനസ്സും, കഴിവും, ആരോഗ്യവും, സൗകര്യങ്ങളെല്ലാം ഉൾപ്പെടും.

ഈ നാലു ഘടകങ്ങളെക്കുറിച്ചുംവിശദമായ ചർച്ച നടന്നു.കൊവിഡിന്റെയുംഅന്തർദേശീയ സാമ്പത്തിക പ്രതിസന്ധികളുടെയും പശ്ചാത്തലത്തിലും സഭയുടെവിമോചന, വികസന പ്രക്രിയ തുടരുവാൻ ഈ നാലു ഘടകങ്ങളും പ്രാപ്തമാണെന്നും, അതുവഴി നമ്മുടെ പ്രഘോഷണദൗത്യം അനുസ്യൂതം തുടരുവാൻ സാധിക്കുമെന്നും ബോദ്ധ്യപ്പെടുത്തി.

സഭയുടെസാമൂഹ്യദർശനങ്ങൾ വിവരിക്കുന്ന പരിശുദ്ധ പിതാക്കന്മാരുടെ പ്രബോധനങ്ങളുടെഓരോന്നിന്റെയുംരത്നച്ചുരുക്കംവിവരിച്ചും ചർച്ച നടത്തി.

സൊസൈറ്റിയുടെ പ്രോജക്ട്ഓഫീസർ കെ.പി. ജോൺ നന്ദി അർപ്പിച്ചു.

## പരിശീലനപരിപാടി

ആശയ വിനിമയം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവര സാങ്കേതികവിദ്യയുടെ നൂതനരീതികളിലും, സങ്കേതങ്ങളിലും ഓഫീസ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി സൊസൈറ്റി അസി. ഡയറക്ടർ ഫാ.അഗസ്റ്റിൻ ബിനോയ് മേച്ചേരിയുടെ നേതൃത്വത്തിൽ ഏകദിന പഠന ശിബിരം സംഘടിപ്പിച്ചു. മാധ്യമങ്ങളുടെ പ്രത്യേകിച്ച് സമൂഹമാധ്യമങ്ങളുടെ ഉപയോഗം വളരെ വിവേകപൂർണമായിരിക്കണമെന്ന് അഗസ്റ്റിനച്ചൻ പറഞ്ഞു. മാറിയ ലോക സാഹചര്യത്തിൽ വിവര സാങ്കേതിക വിദ്യയെ അവഗണിച്ച് മുന്നോട്ട് പോകാൻ കഴിയില്ല. അത് നമ്മൾ സ്വായത്തമാക്കുകതന്നെ വേണം. ഇവ വിവേകപൂർവ്വം ഉപയോഗിക്കുകയും വിശകലനത്തിന് വിധേയമാക്കുകയും ചെയ്യുമ്പോൾ നമ്മുടെയും സമൂഹത്തിന്റെ വളർച്ചയ്ക്കും അതുപകരിക്കും. ആമുഖമായി ബഹു. അഗസ്റ്റിനച്ചൻ പറഞ്ഞു. തുടർന്ന് വിവിധആപ്പുകളുടെ രീതികളും പരിചയപ്പെടുത്തി അവയുടെ പ്രയോഗ രീതി പരിശീലിപ്പിക്കുകയും ചെയ്തു. മാധ്യമ രംഗത്ത് വിശേഷിച്ച് വാർത്താ വിതരണ രംഗത്ത് വിവിധ കാലഘട്ടങ്ങളിൽ സംഭവിച്ച പ്രാധാന്യം വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിലെ ഏറ്റക്കുറച്ചിലുകൾ, താല്പര്യങ്ങൾ എന്നിവ അദ്ദേഹം പരാമർശിച്ചു. ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ടു നടക്കുന്ന വെബിനാറുകൾ അതിൽ ചേരേണ്ടവിധം എന്നിവയിലും പരിശീലനം നൽകി പ്രൊജക്ട് ഓഫീസർ കെ.പി.ജോൺ സ്വാഗതവും, സെബാസ്റ്റ്യൻ മറ്റത്തിൽ നന്ദിയും പറഞ്ഞു.

## പരിശീലനപരിപാടി



**ഡി**പ്പാർട്ട്മെന്റ് മീറ്റിംഗിൽ മാറ്റ പ്രക്രിയയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി അവതരിപ്പിക്കേണ്ട റിപ്പോർട്ടുകളുടെ രീതികൾ പരിശീലിക്കുന്നതിനായി പ്രോജക്ട് ഓഫീസർ കെ.പി. ജോണിന്റെ നേതൃത്വത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. മാതൃകയായി രണ്ട് പദ്ധതികളുടെ റിപ്പോർട്ടുകൾ തയ്യാറാക്കുന്ന രീതി പൊതുവായി പരിശീലിച്ചു.

# അഭിനന്ദനങ്ങൾ

## എസ് എസ് എൽ സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ. പ്ലസ് കരസ്ഥമാക്കിയ ബാലവേദി അംഗങ്ങൾ


റിതിക അന്ന ബാബു,
വടവാതൂർ


സമീക്ഷ സജി
വൈശ്യംഭാഗം


നികിത രാജീവ്
മുണ്ടക്കയം


അന്ന മരിയം തോമസ്
തെള്ളകം


ജോസ്ന ജോർജ്
തെള്ളകം


ആൽബിൻ രാജ്
വാഴൂർ


ജോയൽ റെജി
വൈശ്യംഭാഗം


ആഷ്ലിൻ സോജൻ
വനവാതൂക്കര

## പ്ലസ്ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ. പ്ലസ് നേടിയവർ


ഡെൽന രാജു,
അഖില രാജു
നട്ടാശ്ശേരി

# അഭിനന്ദനങ്ങൾ



**ആൻമരിയ ജോസഫ്**



**നികിത രാജീവ്**

സംസ്ഥാന മോറൽ സയൽസ് മത്സര പരീക്ഷയിൽ പത്താംക്ലാസിൽ സമ്മാനാർഹരായ ആൻമരിയ ജോസഫ് (രണ്ടാംസ്ഥാനം), നികിത രാജീവ് (മൂന്നാം സ്ഥാനം) **സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. മുണ്ടക്കയം.**

## എസ്.എസ്.എൽ.സി. പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയവർ



അശ്വിൻ മേടയിൽ
വണ്ടിപ്പെരിയാർ



അഞ്ജല എസ്.
നട്ടാശ്ശേരി



ആൻമരിയ ഷൈൻ
ഏന്തയാർ






# ജന്മദിനാശംസകൾ

**ആഗസ്റ്റ്**

01 ഫാ. ജോർജ് ചക്കുങ്കൽ
04 ഫാ. സെബാസ്റ്റ്യൻ വെളിയിൽ
05 ഫാ. തോമസ് തറയിൽ
07 ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ
09 ഫാ. എഡ്വിൻ കടവന്ത്ര
11 ഫാ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
14 ഫാ. പോൾ കാനപ്പള്ളി
14 ഫാ. പീറ്റർ കുട്ടമ്പറമ്പിൽ
17 ഫാ. ജോസഫ് പടികരമല
23. ഫാ. ജോൺസൺ ചാലുമാട്ടുതറ
26. ഫാ. സ്കറിയ ആനിക്കൽ
30. ഫാ. ബേസിൽ പാദുവ ഒ.സി.ഡി.

# അഭിനന്ദനങ്ങൾ




കൊവിഡ് കാലത്ത് ബൈബിൾ പകർത്തി എഴുതിയ **റവ.സി. മജെസ്റ്റ** സി.റ്റി.സി.യ്ക്ക് അഭിനന്ദനങ്ങൾ



നിത്യവ്രതവാഗ്ദാനം നടത്തിയ സി. ദീപ്തി സി.റ്റി.സി, സി. ബ്ലെസി സി.റ്റി.സി. എന്നിവർ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവിനോടും പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സീയന്ന, റീജിയണൽ സുപ്പീരിയർ മദർ എലക്റ്റ എന്നിവർക്കുമൊപ്പം.

AUGUST 2020
Vol. 13 • Issue 8
*Published on*
1th August 2020

vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2020-22
LIC. No. KL/CR/KTM/WPP-03/2020-22
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

*Biggest Buildware Collection...*

Kajaria
ETERNITY
tiles forever

George
kaitharan
BUILDWARE

*The Complete Showroom For Building Materials*

**KURUMASSERY**

Ernakulam Dist, Kerala, Pin : 683579
Ph : 0484 2473359, Mob : 9447301945, Fax : 0484 2473369

**KURUPPAMPADY**

Ernakulam Dist, Kerala, Pin : 683545
Ph : 0484 2658775, Mob : 9605938800, Fax 0484 2658715




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180